# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കറുകുറ്റി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി 13/ 1281/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 10/01/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കറുകുറ്റി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി 13/ 1281/21 തീയ്യതി: 10/01/2022

## എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2021 | 22-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-09-2021 | 22-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുസ്മിത കെ വി,ഓഡിറ്റ് ഓഫീസർ
ശ്രീ.ഗോപകുമാർ എം എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രസാദ് പി ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ കിരൺ എ.എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലതിക ശശികുമാർ | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീ.യു.കെ. സുരേന്ദ്രൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സോണിയ.ആർ | കൃഷി ഓഫീസർ | 01-04-2019 | 06-07-2020 |
| ശ്രീമതി.ബബിത.എസ് | കൃഷി ഓഫീസർ | 06-07-2020 | 08-09-2020 |
| ശ്രീമതി.ജലീറ്റ എൽസ | കൃഷി ഓഫീസർ | 09-09-2020 | 31-03-2021 |
| ഡോ.ശ്രീദേവി. പി.എസ് | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ജലജ.എം.പി | വെറ്റിനറി സർജൻ | 01-04-2020 | 01-07-2020 |
| ഡോ.ജോമോൻ | വെറ്റിനറി സർജൻ | 02-07-2020 | 11-07-2020 |
| ഡോ.ജലജ.എം.പി | വെറ്റിനറി സർജൻ | 12-07-2020 | 31-03-2021 |
| ഡോ.സിനി ഇഗ്നേഷ്യസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 27-01-2021 |
| ഡോ.ചിത്ര വേലായുധൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 27-01-2021 | 31-03-2021 |
| ഡോ.ശ്രീദേവി.പി.എസ് | അസി.സർജൻ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ. ജോർജ് പോൾ | മെഡിക്കൽ ഓഫീസർ, ആയുർവേദ | 01-04-2020 | 31-03-2021 |
| ശ്രീമതി. ശീതള.എ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.സബീന.ടി.എം | സബ് ഇൻസ്പക്ടർ ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീ.ജോയ്സി.കെ.ജെ | വി.ഇ.ഒ 11 | 01-04-2020 | 31-03-2021 |
| ശ്രീ. പ്രശാന്ത് | ഡയറി ഫാം ഇൻസ്പക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: K.V.Susmitha (Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: K.V.Susmitha (Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kiran K.S (Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-7 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: K.V.Susmitha (Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-9 |
| 10 | വിവരാവകാശം<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-9-1 |
| 11 | ഗ്രാമസഭ<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-9-2 |
| 12 | മറ്റ് ഓഡിറ്റുകൾ സംബന്ധിച്ച്<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-10 |
| 13 | വാണിജ്യാവശ്യകെട്ടിടങ്ങളെ ആകെ തറവിസ്തൃതിയുടെ അടിസ്ഥാനത്തില്ലാതെ നികുതി നിർണ്ണയിച്ചു - നികുതി നഷ്ടം<br>Written By: Kiran K.S (Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-11 |
| 14 | ലാന്റ് പ്ലോട്ടുകളുടെ വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Kiran K.S (Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-12 |
| 15 | കറുക്കുറ്റി ഇലക്ട്രിക്കൽ സെക്ഷൻ - വാടക കരാർ പുതുക്കിയിട്ടില്ല<br>Written By: Kiran K.S (Auditor, On 22-09-2021) | 1-13 |

| | | |
|---|---|---|
| | Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | |
| 16 | സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Kiran K.S (Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-14 |
| 17 | കാലിവീപ്പയുടെ വില ഈടാക്കിയില്ല<br>Written By: M.S.Gopakumar (Asst. Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-15 |
| 18 | വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം- കെൽട്രോണിന് അധികമായി അടച്ച തുക തിരികെ ഈടാക്കണം<br>Written By: M.S.Gopakumar (Asst. Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-16 |
| 19 | ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല- കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്<br>Written By: M.S.Gopakumar (Asst. Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-17 |
| 20 | ബാലസഭപ്രവർത്തനങ്ങൾ- പ്രൊജക്റ്റ് ഗുണഭോക്താക്കൾക്ക് അനുയോജ്യമായതല്ല<br>Written By: M.S.Gopakumar (Asst. Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-18 |
| 21 | പച്ചക്കറി കൃഷി - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-19 |
| 22 | സംയോജിത പുരയിട കൃഷി - അംഗീകൃത പദ്ധതി പ്രകാരം നിർവ്വഹണം നടത്തിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-20 |
| 23 | വീട് വാസയോഗ്യമാക്കൽ (ജനറൽ) - കെട്ടിടത്തിന്റെ ഉടമസ്ഥരല്ലാത്തവരുടെ പേരിൽ തുക മാറി നൽകിയിരിക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-21 |
| 24 | വീട് വാസയോഗ്യമാക്കൽ പദ്ധതികൾ - എസ്റ്റിമേറ്റ്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ സൂക്ഷിക്കുന്നില്ല<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-22 |
| 25 | ലൈഫ് അവലോകനം<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-23 |
| 26 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-24 |
| 27 | തെരുവ് വിളക്ക് മെയിന്റനൻസ്- അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-25 |
| 28 | കുടിവെള്ളവിതരണം- നടപടിക്രമം പാലിച്ചില്ല<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-26 |

| | | |
|---|---|---|
| 29 | കുടിവെള്ള കണക്ഷന് ഡെപ്പോസിറ്റ് - വിനിയോഗവിവരം ലഭ്യമായില്ല<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-27 |
| 30 | ജലജീവൻ മിഷൻ പദ്ധതി - വിനിയോഗവിവരം ലഭ്യമായില്ല<br>Written By: K.V.Susmitha (Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-28 |
| 31 | പ്രിന്റർ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല<br>Written By: K.V.Susmitha (Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-29 |
| 32 | എ.ബി.സി പദ്ധതി- വിനിയോഗവിവരം ലഭ്യമായില്ല<br>Written By: K.V.Susmitha (Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-30 |
| 33 | തുല്യതാ പഠനം - രേഖകൾ ഹാജരാക്കിയില്ല<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-31 |
| 34 | വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 26-11-2021) | 1-32 |
| 35 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ വിതരണം തുടരുന്നു<br>Written By: Kiran K.S (Auditor, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-33 |
| 36 | ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനം<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 1-34 |
| 37 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 1-35 |
| 38 | ഓഡിറ്റ് ഇംപാക്ട് - മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക എൻക്വയറിയെ തുടർന്ന് തിരികെ അടവാക്കി<br>Written By: M.S.Gopakumar (Asst. Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 1-36 |
| 39 | കന്നുകുട്ടി പരിപാലനം<br>Written By: Prasad P G (Asst. Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 1-37 |
| 40 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>Written By: K.V.Susmitha (Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 1-38 |
| 41 | ഗ്രാമപഞ്ചായത്തിൽ കാര്യക്ഷമമായ മാലിന്യ സംസ്കരണം സംവിധാനം ഉറപ്പാക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 1-39 |
| 42 | അസാധാരണ ചെലവ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-40 |
| 43 | എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലീഷ്മെന്റ് ചെലവുകൾ - തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല | 1-41 |

| | | |
|---|---|---|
| | Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | |
| 44 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - ആക്ഷൻ പ്ലാൻ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 1-42 |
| 45 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 27-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 1-43 |
| 46 | തനതുവരുമാന വർദ്ധനവിന് നടപടികളുണ്ടാവണം<br>Written By: Kiran K.S (Auditor, On 03-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 1-44 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.V.Susmitha (Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾ<br>Written By: K.V.Susmitha (Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.V.Susmitha (Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.V.Susmitha (Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23-3-20തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26-02-2021 -ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2020-2021 പുതുക്കിയ ബജറ്റ് പ്രകാരം

| വരവ് (മുൻ ഉൾപ്പെടെ ബാക്കി) | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| 256438486.77 | 256438486.77 | 245931156 | 10507330.77 |

2020-2021 വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവ് നീക്കിയിരുപ്പ് താഴെപ്പറയുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|
| 29,858,724.17 | 112669129 | 142,527,853.17 | 118996205 | 23531648.2 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2020-2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 256438486.77 | 112669129 | 143769357.77 |
| ചെലവ് | 245931156 | 118996205 | 126934951 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 14 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 12 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ കൃത്യത പുലർത്തേണ്ടതുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2020 | 10.5.21 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29,858,724 |
| വരവ് | 112,669,129 |
| ആകെ | 142,527,853 |
| ചെലവ് | 118,996,205 |
| നീക്കിയിരിപ്പ് | 23,531,648 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,41,26,185 | 1,41,26,185 | 1,33,50,339 | 0 | 775846 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 52,14,000 | 52,14,000 | 47,10,703 | 0 | 503297 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1,16,000 | 1,16,000 | 57,964 | 0 | 58036 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3,03,00,000 | 3,03,00,000 | 2,70,40,038 | 0 | 32,59,962 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 43,82,223 | 43,82,223 | 36,42,700 | 0 | 7,39.523 |
| ധനകാര്യ കമ്മീഷൻ അവാർഡ് ( Tied) | 0 | 97,78,162 | 97,78,162 | 55,24,392 | 0 | 42,53,770 |
| ധനകാര്യ കമ്മീഷൻ അവാർഡ് ( Tied) | 0 | 54,40,000 | 54,40,000 | 17,19,560 | 0 | 37,20,440 |
| ദുരിതാശ്വാസ നിധി | 32522 | 6010 | 38532 | 0 | 38532 | |
| കേന്ദ്രാവിഷ്കൃതഫണ്ട്- സമ്പൂർണ്ണ ശുചിത്വം 320 100 115 | 8260 | 3291 | 11551 | 0 | 11551 | |
| എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp EFMS | 1<br>0 | 1201648<br>20746626 | 1201649<br>20746626 | 1166445<br>20746626 | 35204<br>0 | |
| ICDS- 320 100 121 | 550208 | 874939 | 1425147 | 594546 | 830601 | |
| സംസ്ഥാനാവിഷ്കൃതഫണ്ട്- 320 200 319 ഖര മാലിന്യ സംസ്കരണം | 1200000 | 0 | 1200000 | 499999 | 700001 | |
| 320 200 205 അങ്കണവാടി കുടിവെള്ള കണക്ഷൻ | 20000 | 0 | 20000 | 20000 | 0 | |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 212102 | 2603185 | 2815287 | 0 | 2815287 | |
| 320 300 199 ആശ്രയ-അഗതി രഹിത ഫണ്ട് | 168990 | 0 | 168990 | 0 | 168990 | |
| സമ്പൂർണ്ണ ശുചിത്വം 320 300 103 | 0 | 0 | 0 | 0 | 0 | |
| സാക്ഷരത 320 200 309 | 1698 | 53 | 1751 | 0 | 1751 | |
| 320 200 316 MLA- Local Area Development | 0 | 412058 | 412058 | 412058 | 0 | |
| 320 200 314 Grant For Maintanence Of Railway Level Crossing | 0 | 15399986 | 15399986 | 15399986 | 0 | (****) |
| 320 700 104 Joint Venture – Block Panchayat- Capital Expenditure | 583598 | 0 | 583598 | 500000 | 83598 | (***) |
| 320 700 404 Joint Venture – Block Panchayat- Reveue Expenditure | 1558975 | 1200000<br>1120365<br>2320365 | 3879340 | 2317825<br>1120365<br>3438190 | 441150 | (**) |
| 320 700 205 Joint Venture – District Panchayat- Reveue Expenditure | 1968090 | 0<br>915518<br>915518 | 2883608 | 1040000<br>915518<br>1955518 | 928090 | (*) |

(*) ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി 2019- 2020 സാമ്പത്തിക വർഷം മുതൽ ജില്ലാ- ബ്ലോക്ക് പഞ്ചായത്തുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിനാൽ ഈ തുക പഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ ട്രഷറി എസ്.ബി. അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെടുന്നില്ല. അതേസമയം മുൻവർഷങ്ങളിൽ ഈയിനത്തിൽ ഈ അക്കൗണ്ടിൽ ബാക്കിനിൽക്കുന്ന തുകയിൽനിന്ന് ഈ സാമ്പത്തികവർഷം ചെലവ് വന്നിട്ടുണ്ട്. സംയുക്ത പ്രൊജക്ടുകളുടെ ആകെ ചെലവ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ I-6 ഷെഡ്യൂളിൽ കാണുന്നതാണ്. അതേസമയം നേരിട്ട് ചെലവഴിക്കുന്ന തുക റസീപ്റ്റ് & പേമെന്റ് പക്രികയിലെ RP-7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(**) 2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്ന് 6,31,283/- രൂപ കാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്. ഈ തുകയും കൂടി ചേർത്താണ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ I-6ഷെഡ്യൂളിൽ ആകെ ചെലവ് 28,06,907/- രൂപയായി വന്നിരിക്കുന്നത്.

(**) 2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ (Capital Expenditure) നിന്ന് 5,00,000/- രൂപ കാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

(***) Grant For Maintanence Of Railway Level Crossing എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും, MLA- Local Area Development എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും തൻവർഷം ലഭിച്ച ഫണ്ട് തൻവർഷം തന്നെ ചെലവായിട്ടുണ്ട്.

I- 2020-21 സാമ്പത്തികവർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ

1. വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ വിവിധയിനം സർക്കാർ ഗ്രാന്റിനങ്ങളിലെ ചെലവ് തുകയോട് ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പ തുകയുടെ തിരിച്ചടവ്, അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം, വാട്ടർ ചാർജ്ജ് കുടിശ്ശിക തിരിച്ചടവ് എന്നിവയ്ക്കുവേണ്ടി വികസനഫണ്ടിന്റെ സ്രോതസ്സിൽ തന്നെ ഫണ്ട് കുറവ് വരുത്തൽ, അല്ലെങ്കിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മറ്റ് ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടിയുള്ള ചെലവ് എന്നീ ഇനങ്ങളിൽ ചെലവ് വന്നിട്ടുണ്ടെങ്കിൽ ആ ചെലവ് കൂടി കൂട്ടിയ തുകയിൽ നിന്ന് ക്യാപിറ്റൽ എക്സ് പെൻഡിച്ചർ ആയ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയശേഷം ബാക്കി വരുന്ന റവന്യൂ എക്സ് പെൻഡിച്ചർ മാത്രമാണ് I-6 ൽ അതത് ഹെഡ് ഓഫ് അക്കൗണ്ടിൽ വരേണ്ടത്. ഇവിടെ 10,51,200/- രൂപയാണ് ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി (അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം) മാറ്റിയത്. ക്യാപ്പിറ്റൽ എക്സ് പെൻഡിച്ചർ ആയി വിവിധ ഫണ്ടിനങ്ങളിൽ നിന്ന് 91,45,477/- രൂപയും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

2. 2019-20 വർഷത്തെ ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ( 312 100 101) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 31.03.2020-ൽ നീക്കിയിരുപ്പ് കാണിച്ചിരിക്കുന്നത് 9,26,82,635/-രൂപയാണ്. 2020-2021 ൽ ഇതേ ഹെഡ് ഓഫ് അക്കൗണ്ടിൽ 31.03.2021-ൽ നീക്കിയിരുപ്പ് കാണിച്ചിരിക്കുന്നത് 10,18,28,112/-രൂപയാണ്. ഈ ഹെഡ് ഓഫ് അക്കൗണ്ടിലെ മുന്നിരിപ്പ്(01.04.2021), നീക്കിയിരിപ്പ് (31.03.2021 ) തമ്മിലുള്ള വ്യത്യാസം 91,45,477/- രൂപയാണ്.അതായത് തൻവർഷം ക്യാപ്പിറ്റൽ എക്സ് പെൻഡിച്ചർ ഇനത്തിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് ഈ ഹെഡിലേക്ക് മാറ്റിയിട്ടിരിക്കുന്ന ആകെ തുകയായി വരേണ്ടതും 91,45,477/-രൂപയാണ്.

മേൽപ്പറഞ്ഞ പ്രകാരമുള്ള കണക്കുകളുടെ വിശദാംശം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | As Per RP-7 | കൂട്ടുക- ജി.ഒ പ്രൊജക്ടുകൾക്കു വേണ്ടി നീക്കിവെച്ച തുക | കുറയ്ക്കുക- ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ തുക | As Per I-6 |
|---|---|---|---|---|
| Dev.Fund -General | 1,33,50,339 | 10,51,200 | 2,93,653 | 1,41,07,886 |
| Dev.Fund -SCP | 47,10,703 | 0 | 3,74,363 | 43,36,340 |
| Central Finance Commission Grant | 55,24,392 | 0 | 45,02,121 | 10,22,271 |
| Central Finance Commission Grant (Performance Grant) | 17,19,560 | 0 | 16,58,510 | 61,050 |
| Solid Waste Management Grant-ശുചിത്വമിഷൻ | - | - | 4,99,999 | - |
| Grant From Financial Instituition-KSFE | - | - | 13,490 | |
| Grant From Financial Instituition-KSFE | - | - | 2,60,000 | |
| MLA-SDF Fund | - | - | 4,12,058 | |
| Joint Venture Projetcs -Block Panchayat- | - | - | 5,00,000 | |

| | | | | |
|---|---|---|---|---|
| Capital Exp. | | | | |
| Joint Venture Projetcs – Block Panchayat- | – | – | 6,31,283 | |
| ആകെ | | 10,51,200 | 91,45,477 | |

II-2020-21 സാമ്പത്തികവർഷം കറുകുറ്റി ഗ്രാമപഞ്ചായത്തിന് ലഭിച്ച സർക്കാർ ഗ്രാന്റുകളുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ് .

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവിന്റെ ശതമാനം | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,41,26,185 | 1,33,50,339 | 94.51 | 775846 | 5.49 |
| വികസന ഫണ്ട് (എസ്.സി.പി) | 52,14,000 | 47,10,703 | 90.35 | 503297 | 9.65 |
| വികസനഫണ്ട് (ടി.എസ്.പി) | 1,16,000 | 57,964 | 49.97 | 58036 | 50.03 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 3,03,00,000 | 2,70,40,038 | 89.24 | 32,59,962 | 10.76 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 43,82,223 | 36,42,700 | 83.12 | 7,39,523 | 16.88 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 97,78,162 | 55,24,392 | 56.50 | 42,53,770 | 43.50 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Un Tied) | 54,40,000 | 17,19,560 | 31.61 | 37,20,440 | 68.39 |

2020-21 സാമ്പത്തികവർഷം മുൻവർഷത്തെ അപേക്ഷിച്ച് എല്ലാ ഇനം ഫണ്ടുകളുടെയും ചെലവ് ശതമാനം ഉയർന്നുനില്ക്കുന്നുണ്ട്. അതേസമയം വികസനഫണ്ട് (ടി.എസ്.പി), ധനകാര്യ കമ്മീഷൻ അവാർഡ് (Tied), ധനകാര്യ കമ്മീഷൻ അവാർഡ് (Un Tied) എന്നീ ഇനങ്ങളിൽ ചെലവ് വളരെയധികം കുറവാണെന്നും കാണാവുന്നതാണ്. ഈ ഫണ്ടുകളുടെ ചെലവിൽ ഉണ്ടായ കുറവിന് കൃത്യമായ കാരണം വിലയിരുത്തി അടുത്തവർഷങ്ങളിൽ ഈ മേഖലയിലും കാര്യക്ഷമമായ ഫണ്ട് വിനിയോഗം ഉറപ്പുവരുത്താൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ് പ്രോഗ്രാമിന് വേണ്ടി ലഭ്യമായ കേന്ദ്രവിഹിതത്തിൽ 31.03.2021 ൽ 8,30,601/- രൂപ നീക്കിയിരുപ്പുണ്ട്. ടി തുക ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളിലൂടെ നടക്കുന്ന അനുപൂരക പോഷകാഹാര പരിപാടിക്ക് വേണ്ടി ചെലവഴിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും, നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസറും ശ്രദ്ധ ചെലുത്തേണ്ടതാണ്.

സംസ്ഥാനാവിഷ്കൃത ഗ്രാന്റിനത്തിൽ ശുചിത്വമിഷൻ, ഖരമാലിന്യസംസ്കരണം എന്നീ പരിപാടികൾക്കുവേണ്ടി മുൻവർഷങ്ങളിൽ ലഭ്യമായ ഫണ്ടുകളിൽ യഥാക്രമം 28,15,287/- രൂപയും, 7,00,001/-രൂപയും 31.03.2021 ൽ ബാക്കി നിൽപ്പുണ്ട്. ഈ തുകയും അതത് ഫണ്ടിന്റെ വിനിയോഗ മാനദണ്ഡങ്ങൾക്ക് വിധേയമായി കാര്യക്ഷമമായി ചെലവഴിക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 318 | 161851650 | 220 | 82067027 | 8 | 90 | 69% |

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1 | 1201648 | 1201649 | 1166445 | 35204 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 20746626 | 20746626 | 20746626 | 0 |
| ആകെ | 1 | 21948274 | 21948275 | 21913071 | 35204 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.09.2021-ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18377/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | |
| കർഷകതൊഴിലാളി പെൻഷൻ | 5317700 | 361 |
| വിധവാപെൻഷൻ | 18451200 | 1171 |
| വാർദ്ധക്യകാലപെൻഷൻ | 36615100 | 2654 |
| വികലാംഗപെൻഷൻ | 5268600 | 348 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1752600 | 111 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധന സഹായം | 450000 | 15 |

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. വരവ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കപ്പെടുന്നില്ല. ഉദാ. വാടക

2. ആസ്തിപരിപാലനം, പുതിയ ആസ്തികളുടെ നിർമ്മാണം എന്നിവയ്ക്ക് ആവശ്യകത അടിസ്ഥാനമാക്കിയുള്ള പ്ലാൻ തയ്യാറാക്കുന്നില്ല.
3. പദ്ധതി ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.
4. സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടില്ല.

## 1-9-1 വിവരാവകാശം

വിവരാവകാശനിയമപ്രകാരമുള്ള വിവരം ലഭ്യമാക്കുന്നതിന് തൻവർഷം 69 അപേക്ഷകൾ പഞ്ചായത്തിൽ ലഭിച്ചു. ലഭിച്ച അപേക്ഷകൾക്കെല്ലാം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മറുപടി നൽകിയിട്ടുണ്ട്.

## 1-9-2 ഗ്രാമസഭ

കോവിഡിന്റെ ഭാഗമായി സംസ്ഥാനമാകെ ലോക്ക്ഡൗൺ പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷം 07.02.2021, 10.02.2021 മുതൽ 14.02.2021 വരെ വിവിധ തീയതികളിലായി എല്ലാ വാർഡുകളിലും ഒരു പ്രാവശ്യം ഗ്രാമസഭ ചേർന്നിട്ടുണ്ട്. ഈ ഗ്രാമസഭ 2020-21 ലെ വാർഷിക പദ്ധതിയിലെ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകുന്നതിന് മാത്രമായിട്ടാണ് ചേർന്നിട്ടുള്ളത്.

## 1-10 മറ്റ് ഓഡിറ്റുകൾ സംബന്ധിച്ച്

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-1-2021 | 2020 ഡിസംബർ | 22.10.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-9-2012 മുതൽ 22-9-2012 വരെ | 2007-08മുതൽ 2011-12വരെ | 3-12-2012 |

## 1-11 വാണിജ്യാവശ്യകെട്ടിടങ്ങളെ ആകെ തറവിസ്തൃതിയുടെ അടിസ്ഥാനത്തില്ലാതെ നികുതി നിർണ്ണയിച്ചു - നികുതി നഷ്ടം

ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് ചതുരശ്രമീറ്ററിന് 30/- രൂപയും 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയും ആണ്. സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ആകെ വിസ്തീർണം 100 ച:മീറ്ററിലും കൂടുതലാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും വസ്തു നികുതി നിർണയത്തിൽ അടിസ്ഥാന നിരക്കായ 50/- രൂപക്ക് പകരം 30/- രൂപയാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നം | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മീ. | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 30/- രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 50/- രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|---|---|
| 1 | 15 | 63 A1 | ദി ഫെഡറൽ ഹൌസ് കൺസ്ട്രക്ഷൻ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 185.44 | 5563.2 | 9272 | 3708.8 |
| 2 | 15 | 63 A6 | ” | 120.7 | 3621 | 6035 | 2414 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 16 | 301 | മാത്തു മക്കൾ വർഗ്ഗീസ് & പൗലോസ് | 183.76 | 5512.8 | 9188 | 3675.2 |
| 4 | 16 | 380 | പറോക്കാരൻ കുഞ്ഞി പാവു മകൻ തോമസ് | 136 | 4080 | 6800 | 2720 |
| 5 | 16 | 523 | ഷംസുദ്ദീൻ. എം.എ | 107.1 | 3213 | 5355 | 2142 |
| 6 | 16 | 533 | ദിനീഷ് | 130.86 | 3925.8 | 6543 | 2617.2 |
| 7 | 6 | 354 | ഡോ. ജി.പി.സി നായർ | 146 | 4380 | 7300c | 2920 |

കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കിയതിനു വിശദീകരണം നൽകണമെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/16.09.2021) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

1) മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ക്രമീകരിച്ച് ഉടമസ്ഥരിൽ നിന്നും കുടിശ്ശിക സഹിതം നിയമാനുസൃത നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

2) മറ്റ് ഏതെങ്കിലും കെട്ടിടങ്ങൾക്ക് മേൽ സൂചിപ്പിച്ച പ്രകാരം നികുതി തെറ്റായി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ലാന്റ് പ്ലോട്ടുകളുടെ വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 10 മുറികൾ, 10 ലാന്റ് പ്ലോട്ടുകൾ എന്നിവ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക രജിസ്റ്റർ, അപേക്ഷകൾ, കരാറുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിലല്ല കരാർ ചമച്ചിട്ടുള്ളത്. ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടക ഇനത്തിലുള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ബാലൻസ് ഷീറ്റ് പ്രകാരമുള്ള വാടക കുടിശ്ശിക | തുക |
|---|---|
| 1. കെട്ടിട വാടക (തൻവർഷം) | 6423 |
| 2. ലാന്റ് പ്ലോട്ട് വാടക (തൻവർഷം) | 52893 |
| 3. ലാന്റ് പ്ലോട്ട് വാടക (കുടിശ്ശിക) | 96836 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/18.09.2021) ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കുന്നതാണെന്നും ലാന്റ് പ്ലോട്ട് വാടകയിനത്തിൽ മാത്രമാണ് കുടിശ്ശികയുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ കരാർ ചമയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ലാന്റ് പ്ലോട്ട് വാടകയിനത്തിലുള്ള കുടിശ്ശിക ഈടാക്കുന്നതിനായി ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കറുക്കുറ്റി ഇലക്ട്രിക്കൽ സെക്ഷൻ - വാടക കരാർ പുതുക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിട നം. 13/555, 13/557, 13/558, 13/559 എന്നീ കെട്ടിടങ്ങളിൽ കറുക്കുറ്റി ഇലക്ട്രിക്കൽ സെക്ഷൻ പ്രവർത്തിച്ച് വരുന്നു. പഞ്ചായത്തും കെ.എസ്.ഇ.ബിയുമായുള്ള 17.06.2016 ലെ ഫോർമൽ

എഗ്രിമെന്റ് നം. 3/2016-17 പ്രകാരം 01.01.2016 മുതൽ 31.12.2018 വരെ മാസവാടകയായി 6423/- രൂപ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 31.12.2018 ന് അവസാനിച്ച കരാർ കാലാവധി നാളിതുവരെ പുതുക്കിയതായോ മാസവാടക വർധിപ്പിച്ച് ഈടാക്കിയതായോ കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/18.09.2021) ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1)1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ കാലികമായി പുതുക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ അത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സാംഖ്യ അക്കൗണ്ട് പ്രകാരം തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ മാത്രമാണ് നിലവിലുള്ളത്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടച്ചിട്ടുണ്ടോ എന്ന് ഉറപ്പിക്കാനായിട്ടില്ല.

2)2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ക്രമ നമ്പറിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ല.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|---|
| 1 | 5 | വഞ്ചിനാട് ഫിനാൻസ് | II |
| 2 | 7 | SML ഫിനാൻസ് ലിമിറ്റഡ് | II |
| 3 | 37 | മരിയ ഡെന്റൽ കെയർ | II |
| 4 | 38 | സൌത്ത് ഇന്ത്യൻ ബാങ്ക് | II |
| 5 | 53 | മാഞ്ഞാലി ഇഡസ്ട്രീസ് , കറുകുറ്റി | I |
| 6 | 54 | VS ട്രാൻസ്പോട്ട്സ് കറുകുറ്റി | I |
| 7 | 56 | സപ്ലൈക്കോ മാവേലി സ്റ്റോർ , കറുകുറ്റി | II |
| 8 | 57 | കരയാംപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I |
| 9 | 58 | ആദം പബ്ലിക് സ്കൂൾ , കരയാംപറമ്പ് | I |
| 10 | 59 | സ്റ്റീൽ ഹൌസ് പ്രൈവറ്റ് ലിമിറ്റഡ്, കറുകുറ്റി | II |
| 11 | 60 | കോട്ടയ്ക്കൽ ആര്യ വൈദ്യശാല, കറുകുറ്റി | I |
| 12 | 61 | കുടുംബശ്രീ, കറുകുറ്റി | I |

| | | | |
|---|---|---|---|
| 13 | 62 | മിത്രം ആട്ടോമോട്ടീവ്സ് | I |
| 14 | 63 | പ്രീമിയർ ട്രേഡേഴ്സ്, കറുകുറ്റി | I |
| 15 | 64 | പാലയിൽ ആയുർവേദ ആശുപത്രി | I |
| 16 | 65 | പാലയിൽ ഡിസ്പെൻസറി | I |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 03/15.09.2021 ന് മറുപടിയായി പ്രസ്തുത സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ഒടുക്കുന്നതു സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 കാലിവീപ്പയുടെ വില ഈടാക്കിയില്ല

2020-21 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള റോഡ് ടാർ/റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ -VG30, RS1 & SS1- നുള്ള നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ചുള്ള നിരക്ക് കരാറുകാർക്ക് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ ഫൈനൽ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലി വീപ്പയുടെ വിലയായ 238/- രൂപ + 18 % ജി.എസ്.ടി കുറവു ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | ആകെ പ്രവൃത്തിമൂല്യം | ഉപയോഗിച്ച ആകെ ബാരലുകളുടെ എണ്ണം (അളവ് പുസ്തകം പ്രകാരം) | അളവു പുസ്തകം | ഈടാക്കേണ്ട തുക 238/ബാരൽ +18% GST | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|
| 1 | 324/21- പല്ലിശ്ശേരി ഇ.എം.എസ്.റോഡ് റീടാറിംഗ്-വാർഡ് 8 | 1,56,919 | 9 | 636/18-19, പേജ് നം 19. | 2142+386 | ശ്രീ.ഷിബു. എം.എസ് |
| 2 | 131/20- മുന്നൂർപ്പിള്ളി അടിച്ചിലി റോഡ് സെക്കന്റ് മെറ്റലിംഗ് & ടാറിംഗ് | 1,53,023 | 7 | 267/19-20 പേജ് നം,33 | 1666+300 | ശ്രീ. പോൾ പി.എസ് |

പാക്ക്ഡ് ബിറ്റുമിന്റെ നിരക്ക് കരാറുകാരന് അനുവദിച്ചിട്ടുള്ളതിനാൽ കാലിവീപ്പയുടെ വില 18 % GST ഉൾപ്പെടെ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. സമാനമായ മറ്റ് പ്രവൃത്തികളിലും ഇപ്രകാരം വില ഈടാക്കാനുണ്ടെങ്കിൽ അതു കൂടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( നം. 30 ) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി കാലിവീപ്പയുടെ വില 3,808/- രൂപ തനതു ഫണ്ടിലേക്കും, 686/- രൂപ GST സർക്കാരിലേക്കും അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം- കെൽട്രോണിന് അധികമായി അടച്ച തുക തിരികെ ഈടാക്കണം

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ | S00177/21 |
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് |
| അടങ്കൽ | 1,94,054/- (പ്രത്യേക ഘടക പദ്ധതി വിഹിതം ) |

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |
| ചെലവഴിച്ച തുക | 1,90,603/- | ട്രഷറി ബിൽ നം. 14/20-21 തീയതി. 23/09/2020 |

2020-2021 ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ "പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് " എന്ന പ്രൊജക്ടിന്റെ ഭാഗമായി 7 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നല്കുകയുണ്ടായി. ജി. ഒ (എം.എസ്.) 22/ 2018/ തസ്വഭവ തീയതി. 14.02.2018ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ഗുണഭോക്താക്കളായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ആനുകൂല്യങ്ങൾ നല്കിയിരിക്കുന്നത്.

ഈ പ്രൊജക്ടിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഐ.ടി മിഷൻ നിഷ്കർഷിച്ചിരിക്കുന്ന സ്പെസിഫിക്കേഷനോടുകൂടിയ ACER Model Ubuntu Base ലാപ്പ് ടോപ്പുകൾ ആണ് CRPCS പോർട്ടലിൽ നിന്ന് വാങ്ങാൻ ഓർഡർ നല്കിയത്. പദ്ധതിയുടെ നിബന്ധനപ്രകാരം കേരള ഐ.ടി മിഷനുവേണ്ടി KELTRON അയച്ചുതന്ന പ്രഫോർമ ഇൻവോയ്സ് നം. TVM/ITBG /P1/RC/25152/20-21/ 19-09-2020 പ്രകാരം 27,229/- രൂപ പ്രകാരം 7 ലാപ്പ് ടോപ്പുകൾക്ക് 1,90,603/- രൂപ ട്രഷറിയിൽ നിന്ന് ബില്ല് മുഖേന മാറി KELTRON ന് നല്കിയിട്ടുണ്ട്. (ട്രഷറി ബിൽ നം. 114/20-21തീയതി. 23/09/2020)

മേൽപ്പറഞ്ഞ 7 ലാപ്പ് ടോപ്പുകളും 22/07/2021ലാണ് പഞ്ചായത്തിൽ ലഭിക്കുന്നത്. ACER India Ltd. കമ്പനിയുടെ പുതുച്ചേരി ഓഫീസിൽ നിന്ന് കൊറിയർ സർവ്വീസ് വഴി കറുകുറ്റി ഗ്രാമപഞ്ചായത്തിലേക്ക് നേരിട്ട് വന്ന ലാപ്പ് ടോപ്പുകളുടെ യഥാർത്ഥവില താഴെപ്പറയും പ്രകാരമാണ്. (Invoice No. PYS-121016456 Dtd. 22/07/2021)

| Item | Cost | GST | Total | Nos. | Grant Total |
|---|---|---|---|---|---|
| ACER Ubuntu - Laptop | 21788 | 3922 | 25710 | 7 | 1,79,970 |
| Carry Bag | 400 | 72 | 472 | 7 | 3,304 |
| | Total | | | | 1,83,274 |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം കെൽട്രോണിന് അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കാനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല- കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്

| | | |
|---|---|---|
| പ്രൊജക്ടിന്റെ നമ്പർ | S0315/20 (Spill Over 2019-20) | |
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് | |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |
| പദ്ധതി അടങ്കൽ | 1,50,000/- പ്രത്യേക ഘടകപദ്ധതി വിഹിതം | |
| | 50,000/- ഗുണഭോക്തൃവിഹിതം | |
| ചെലവഴിച്ച തുക | 79,875/- | ട്രഷറി ബിൽ നം. 04/20-21 തീയതി. 05/06/2021 |

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ 2020-2021 സാമ്പത്തികവർഷത്തിൽ നടപ്പാക്കിയ " പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് " പ്രൊജക്ടിന് വേണ്ടി ടെൻഡർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ M/s Carriers Pipes & Tubes (P) Ltd. Mudakkuzha എന്ന സ്ഥാപനം സമർപ്പിച്ച ടെൻഡർ പ്രകാരം 500 ലിറ്ററിന്റെ PVC ടാങ്കിന് 3195/- രൂപ നിശ്ചയിച്ച് പഞ്ചായത്തുമായി കരാർ ചമച്ചിരുന്നു. പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 800/- ഗുണഭോക്തൃവിഹിതം നിശ്ചയിക്കുകയും ഇത് പ്രകാരം 800/- രൂപ ഗുണഭോക്തൃവിഹിതം അടച്ച 25 ഗുണഭോക്താക്കൾക്ക് ടാങ്കുകൾ നല്കിയതുമായാണ് കാണുന്നത്. ടാക്സ് ഇൻവോയ്സ് നം. K1920/ GST/13275 Dtd. 06/03/2020 പ്രകാരം 25 ടാങ്കുകൾക്ക് 3195/- രൂപ പ്രകാരം 79,875/-

രൂപയുടെ ബില്ല് നല്കിയിട്ടുണ്ട്. ആയത് പ്രകാരം 79,875/- രൂപ M/s Carriers Pipes & Tubes (P) Ltd. ന് നല്കിയിട്ടുണ്ട്

വാട്ടർ ടാങ്കുകൾക്കായി 25 ഗുണഭോക്താക്കളിൽ നിന്ന് 800/- രൂപ വീതം ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ കൈപ്പറ്റിയിട്ടുണ്ട്. അതായത് 20,000/- രൂപ ഈയിനത്തിൽ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിൽ വരവുണ്ട്. എന്നാൽ വാട്ടർ ടാങ്കുകളുടെ വിലയായി 3195/-രൂപ പ്രകാരം 79,875/- രൂപ മൊത്തമായി പ്രത്യേകഘടകപദ്ധതി വിഹിതത്തിൽ നിന്ന് M/s Carriers Pipes & Tubes (P) Ltd. നല്കുകയാണുണ്ടായത്. ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് നല്കിയതായി കാണുന്നില്ല. ഇപ്രകാരം വാട്ടർടാങ്കിന്റെ വിലയായി മുഴുവൻ തുകയും പ്രത്യേക ഘടകപദ്ധതിയിൽനിന്നു തന്നെ നല്കിയതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ എൻക്വയറി നം. 20/20-21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ നിന്ന് സമാഹരിച്ച ഗുണഭോക്തൃവിഹിതം ചെലവാക്കാതെ, പ്രൊജക്ട് ചെലവ് മുഴുവനും പദ്ധതി വിഹിതത്തിൽ നിന്ന് ചെലവഴിച്ചത് അംഗീകരിക്കപ്പെട്ട പ്രൊജക്ടിന്റെ ധനവിനിമയചട്ടങ്ങൾക്കും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്. മേൽസാഹചര്യത്തിൽ ഇപ്രകാരം തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന ഗുണഭോക്തൃവിഹിതം അധികമായി ചെലവഴിച്ച പ്രത്യേക ഘടകപദ്ധതി വിഹിതത്തിന് പകരമായി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ബാലസഭപ്രവർത്തനങ്ങൾ- പ്രൊജക്ട് ഗുണഭോക്താക്കൾക്ക് അനുയോജ്യമായതല്ല

| | | |
|---|---|---|
| പ്രൊജക്ടിന്റെ നമ്പർ | S059/20 (Spill Over) | |
| പ്രൊജക്ടിന്റെ പേര് | ബാലസഭാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |
| അടങ്കൽ തുക | 40,000/- പൊതു വിഭാഗം വികസന ഫണ്ട് | |
| ചെലവഴിച്ച തുക | 34,900/- | ട്രഷറി ബിൽ നം. 01/20-21 തീയതി. 18/05/2021 |

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ 2019-2020 സാമ്പത്തികവർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി പൊതുവിഭാഗം പദ്ധതി വിഹിതം ഉൾപ്പെടുത്തി ആവിഷ്ക്കരിച്ച പ്രൊജക്ടാണ് ബാല സഭാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ. ഈ പ്രൊജക്ടിന്റെ ഭാഗമായി കുടുംബശ്രീ മിഷന്റെ അക്രഡിറ്റഡ് പരിശീലന ഗ്രൂപ്പായ "ഏക് സാത് എച്ച്. ആർ.ഡി. ട്രയിനിംഗ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ" ആഭിമുഖ്യത്തിൽ കറുകുറ്റി ഗ്രാമപഞ്ചായത്ത് കുടുംബശ്രീ -സി.ഡി.എസ്. യൂണിറ്റിന്റെ സഹകരണത്തോടെ പഞ്ചായത്തിലെ തെരഞ്ഞെടുത്ത 40 കുട്ടികൾക്ക് ഒരു ദിവസത്തെ സ്കിൽ പരിശീലനം നല്കി. ഈ പരിപാടിയിൽ LED ബൾബ്, LED ട്യൂബ് എന്നിവയുടെ നിർമ്മാണവും, മെയിന്റനൻസ് എന്നിവയിൽ പരിശീലനമാണ് നല്കിയത്. ഈ പരിപാടിക്ക് താഴെപ്പറയും പ്രകാരം ചെലവ് വന്നു.

| ചെലവിനം | എണ്ണം | തുക |
|---|---|---|
| LED ബൾബ് | 150 X 40 | 6000 |
| LED ട്യൂബ് | 350 X 25 | 8750 |
| പരിശീലകർക്കുള്ള വേതനം | 5 X 2000 | 10000 |
| പരിശീലന സാമഗ്രികൾ | | 6000 |
| ഭക്ഷണം, സംഘാടനം | | 4150 |
| ആകെ | | 34900 |

ഏക് സാത് എച്ച്. ആർ.ഡി. ട്രയിനിംഗ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബില്ല് പ്രകാരം ടി സ്ഥാപനത്തിന് 30750/- രൂപയും, സി.ഡി.എസ്. ചെയർപേഴ്സൺ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടിലേക്ക് 4,150/- രൂപയും നല്കിയിട്ടുണ്ട്. പരിശീലനപരിപാടിയുടെ അവസാനത്തിൽ LED ബൾബ്, LED ട്യൂബ് എന്നിവ പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് നല്കുകയും ചെയ്തു. 2019-20 സാമ്പത്തികവർഷം ബില്ല്

കൂവിലായതിനാൽ 2020-2021 സാമ്പത്തികവർഷമാണ് തുക നല്കിയത്. (ട്രഷറി ബിൽ നം. 01/20-21തീയതി. 18/05/2021 )

14.02.2018 ലെ ജി.ഒ (എം.എസ്.) 22/2018/ തസ്വഭവ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.11 യിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രൊജക്ടുകൾ തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ബാലസഭ പ്രവർത്തനങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത് കുട്ടികളെ ഭാവിയിലെ ഉത്തരവാദിത്വമുള്ള പൗരന്മാരാക്കുന്നതിന് സഹായകമായ വിധത്തിൽ ഭരണാഘടനാപരമായ അവകാശങ്ങൾ, കടമകൾ, ഭരണനിർവ്വഹണം എന്നിവയെ സംബന്ധിച്ച് അവബോധം നല്കൽ, കുട്ടികളുടെ വ്യക്തിത്വ വികസനത്തിനുതകുന്ന കൗൺസലിംഗ് ക്ലാസ്സുകൾ, ശാസ്ത്രാഭിമുഖ്യം വളർത്തൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ്. എന്നാൽ ഇവിടെ ഏക് സാത് എച്ച്. ആർ.ഡി. ട്രെയിനിംഗ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്വയം തൊഴിൽ പരിശീലന പരിപാടിയാണ് സംഘടിപ്പിച്ചത്. തൊഴിൽ പരിശീലനത്തിനുപരിയായി മേൽപറഞ്ഞ പ്രകാരമുള്ള ശാസ്ത്രാഭിമുഖ്യം വളർത്തുന്നതും, വ്യക്തിത്വവികസനത്തിനുതകുന്നതും ആയ പരിശീലനം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കുവാൻ തുക വകയിരുത്താവൂയെന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 പച്ചക്കറി കൃഷി - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ (14.02.2018 ലെ സ.ഉ(കൈ)നം. 22/2018/തസ്വഭവ) ഖണ്ഡിക 6.1(4) പ്രകാരം നെല്ല്, പച്ചില വളം, വിത്തുകൾ മുതലായവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വി.എഫ്.പി.സി.കെ. എന്നിവയിൽ നിന്നും വാങ്ങുമ്പോൾ യഥാർത്ഥ വില നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിനു വിരുദ്ധമായി പ്രൊജക്ട് നം. 49 – പച്ചക്കറി കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി 80 വെജിറ്റബിൾ സീഡ്ലിംഗ് ട്രയ്കൾ കറുകുറ്റി പഞ്ചായത്ത് കർഷക സംഘത്തിൽ നിന്നും നേരിട്ട് വാങ്ങി വിതരണം നടത്തിയതായി കാണുന്നു (ഇൻവോയ്സ് നം. 474/11.03.2020, തുക – 24000/- രൂപ). സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥക്കു വിരുദ്ധമായി വാങ്ങൽ നടത്തിയത് ക്രമ പ്രകാരമല്ല. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/20.09.2021) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ (14.02.2018 ലെ സ.ഉ(കൈ)നം. 22/2018/തസ്വഭവ) നിർദ്ദേശങ്ങൾ പ്രൊജക്ട് നിർവഹണത്തിൽ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018 /തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-20 സംയോജിത പുരയിട കൃഷി - അംഗീകൃത പദ്ധതി പ്രകാരം നിർവ്വഹണം നടത്തിയിട്ടില്ല

പ്രൊജക്ട് നം. 5 – സംയോജിത പുരയിട കൃഷി എന്ന പദ്ധതി പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, വകയിരുത്തിയ തുക എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | | |
|---|---|---|
| രാസ കീടനാശിനികൾ | 5000 തെങ്ങുകൾ | ലക്ഷ്യം – ഉൽപാദന വർദ്ദനവ് |

| | | |
|---|---|---|
| തൈകൾ വിതരണം | 20000 കുരുമുളക്ക് തൈകൾ | " |
| ജൈവ കീടനാശിനികൾ | 1000 യൂണിറ്റ് പച്ചക്കറി കൃഷി | " |
| വകയിരുത്തിയ തുക | | |
| രാസ കീടനാശിനികൾ | 400000 | 150000 (ഗുണഭോക്തൃ വിഹിതം) |
| തൈകൾ വിതരണം | 100000 | 100000 (ഗുണഭോക്തൃ വിഹിതം) |
| ജൈവ കീടനാശിനികൾ | 50000 | 50000 (ഗുണഭോക്തൃ വിഹിതം) |
| ആകെ | 550000 | 300000 |

എന്നാൽ മേൽ പദ്ധതി പ്രകാരം തെങ്ങിന്റെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കുന്ന പ്രവർത്തനങ്ങൾ വാർഡ് അടിസ്ഥാനത്തിൽ കൃഷി ഭവൻ നൽകിയ ലിസ്റ്റ് പ്രകാരം ചെയ്ത വകയിൽ 'ഫ്രണ്ട്സ് ഓഫ് കോകണറ്റ് ട്രീസ് ' കൂത്താട്ടുകുളം എന്ന സ്ഥാപനത്തിന് ഗുണഭോക്തൃ വിഹിതം കുറച്ചുള്ള ബാക്കി തുക അനുവദിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

| ബിൽ നം., തീയതി | തുക | റിമാർക്സ് |
|---|---|---|
| 26/20-21, 23.03.2021 | 414960 | ഇൻവോയ്സ് നം. 65/12.02.2021 |
| 27/20-21, 23.03.2021 | 135040 | ഇൻവോയ്സ് നം. 68/03.03.2021 |
| ആകെ | 550000 | |

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ. പദ്ധതി പ്രകാരം നടത്താനുദ്ദേശിക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും നടത്തിയതായി കാണുന്നില്ല.

ബി. തെങ്ങിന്റെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കുന്ന പ്രവർത്തനത്തിനായി വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിരിക്കുന്നു.

സി. 'ഫ്രണ്ട്സ് ഓഫ് കോകണറ്റ് ട്രീസ് ' കൂത്താട്ടുകുളം എന്ന സ്ഥാപനത്തെ പ്രവൃത്തികൾ ഏൽപ്പിച്ചതിന് ടെണ്ടർ വിളിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

ഡി. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/20.09.2021) മറുപടി നൽകിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. അംഗീകൃത പദ്ധതി പ്രകാരം നടത്താനുദ്ദേശിക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. അംഗീകൃത പദ്ധതി പ്രകാരം വകയിരുത്തിയ തുക അതാത് ഇനങ്ങൾക്ക് മാത്രമായി ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. സ്ഥാപനങ്ങൾക്ക് പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ ക്വട്ടേഷൻ/ടെൻണ്ടർ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018 /തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 വീട് വാസയോഗ്യമാക്കൽ (ജനറൽ) - കെട്ടിടത്തിന്റെ ഉടമസ്ഥരല്ലാത്തവരുടെ പേരിൽ തുക മാറി നൽകിയിരിക്കുന്നു

പ്രൊജക്ട് നം. 129, വീട് വാസയോഗ്യമാക്കൽ (ജനറൽ)

ഫണ്ട് - വികസന ഫണ്ട് (പൊതു വിഭാഗം)

അടങ്കൽ - 1530000/- രൂപ

ചെലവ് - 1284296/- രൂപ

മേൽ പദ്ധതി പ്രകാരം നന്ദനൻ നായർ സി പി, ചന്ദ്രത്തിൽ വീട് എന്നയാൾക്ക് എൽ.എസ്.ജി.ഡി ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 11575/- രൂപ അനുവദിച്ചിട്ടുണ്ട് (ബിൽ നം. 12/20-21/31.03.2021). എന്നാൽ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള ഉടമസ്ഥ സർട്ടിഫിക്കറ്റ് (കെട്ടിട നം. XI/194) പ്രകാരം ടി കെട്ടിടത്തിന്റെ ഉടമസ്ഥൻ കുഞ്ഞിക്കാളിയമ്മ, ദേവകിയമ്മ എന്നവരാണ്.

ഇങ്ങനെ കെട്ടിടത്തിന്റെ ഉടമസ്ഥരല്ലാത്തവരുടെ പേരിൽ തുക മാറി നൽകിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/14.09.2021) മേൽ ഗുണഭോക്താക്കൾ പ്രസ്തുത കെട്ടിടങ്ങളിൽ താമസിക്കുന്നവരാണെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം പേരുള്ളതിനാലാണ് തുക ടി ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് മാറി നൽകിയതെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്. അർഹതയ്ക്ക് വിധേയമായി കഴിവതും സ്വന്തമായി വീടുള്ളവർക്ക് മാത്രം ഇത്തരം ആനുകൂല്യങ്ങൾ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 വീട് വാസയോഗ്യമാക്കൽ പദ്ധതികൾ - എസ്റ്റിമേറ്റ്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ സൂക്ഷിക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തിൽ താഴെ പറയും പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതികൾ വി.ഇ.ഓ നിർവ്വഹണം നടത്തിയിട്ടുണ്ട്.

| പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 129, വീട് വാസയോഗ്യമാക്കൽ (ജനറൽ) | 1530000 | 1284296 |
| 139, വീട് വാസയോഗ്യമാക്കൽ (ജനറൽ) | 180000 | 180000 |
| 131, വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) | 1875946 | 1735614 |
| 137, ആശ്രയ വീട് വാസയോഗ്യമാക്കൽ | 100000 | 100000 |
| 366, ആശ്രയ വീട് വാസയോഗ്യമാക്കൽ (സ്പിൽ ഓവർ) | 50000 | 50000 |

മേൽ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ (14.02.2018 ലെ സ.ഉ (കൈ)നം. 22/2018/തസ്വഭവ) ഖണ്ഡിക 6.7.6 പ്രകാരം 'വീട് വാസയോഗ്യമാക്കൽ' പദ്ധതിയിലെ ഗുണഭോക്താക്കൾ വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാ ണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കുന്നതിനുള്ള

എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല.

2. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ (കൈ)നം. 11/2018 /തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/20.09.2021) ഗുണഭോക്താകളിൽ നിന്നുള്ള എസ്റ്റിമേറ്റ്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ, പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ലൈഫ് അവലോകനം

കേരളത്തിലെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സ.ഉ (എം.എസ്) നം. 151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ കറുകുറ്റി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ലൈഫ് പദ്ധതി ഒന്നാംഘട്ടം

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പഞ്ചായത്ത് പരിധിയിലെ പൂർത്തിയാക്കാത്ത ഭവനങ്ങൾ ഇല്ലാത്തതിനാൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

ലൈഫ് പദ്ധതി രണ്ടാം ഘട്ടം

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിരുന്നത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ആകെ 4 ഗഡുക്കളായി തുക അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ലോൺ, സംസ്ഥാനാവിഷ്കൃതം എന്നിവയാണ് ഫണ്ട് സ്രോതസ്സുകൾ. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 34 ഉം എസ്.സി വിഭാഗത്തിൽ 11 ഉം എസ്.ടി വിഭാഗത്തിൽ 0ഉം ഗുണഭോക്താക്കളുള്ളത്. രണ്ട് സർക്കിളുകളായി 35 ഗുണഭോക്താക്കൾ തൻവർഷം പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി കരാർ വച്ചിട്ടുണ്ട്. അതിൽ നാളിതു വരെയുള്ള കണക്ക് പ്രകാരം 32 ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവരിൽ 3 പേർ മൂന്ന്ഗഡുക്കൾ കൈപ്പറ്റി ഭവന നിർമ്മാണത്തിന്റെ പൂർത്തീകരണ ഘട്ടത്തിലാണുള്ളത്.

തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചേർക്കുന്നു.

ജനറൽ

| ഫണ്ട് | 2019-20 | | 2020-21 | |
|---|---|---|---|---|
| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| പ്ലാൻ ഫണ്ട് + തനത് ഫണ്ട് | 1046340 | 856340 | 500000 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | 50000 | 1000000 | 800000 |
| ജില്ലാ പഞ്ചായത്ത് | - | - | - | - |
| മറ്റിനം(വായ്പ) | - | - | - | - |

| | | | | |
|---|---|---|---|---|
| സംസ്ഥാന വിഹിതം | - | - | 2000000 | 600000 |
| ആകെ | 1096340 | 906340 | 3500000 | 1900000 |

എസ്.സി.പി

| ഫണ്ട് | 2019-20 | | 2020-21 | |
|---|---|---|---|---|
| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| പ്ലാൻ ഫണ്ട് (എസ്.സി.പി) | - | - | 400000 | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | 140000 | 140000 | 1000000 | 360000 |
| ജില്ലാ പഞ്ചായത്ത് | 2000000 | - | 3400000 | 1040000 |
| മറ്റിനം (വായ്പ) | - | - | - | - |
| സംസ്ഥാന വിഹിതം | - | - | - | - |
| ആകെ | 2140000 | 140000 | 4800000 | 1800000 |

ഹഡ്കോ ലോൺ

ഹഡ്കോയിൽ നിന്നും KURDFC മുഖേന നാളിതു വരെ ലോൺ എടുത്തിട്ടില്ല.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാരിൽ നിന്നും 600000/- രൂപ ലഭ്യമായിട്ടുണ്ട്.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവനരഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നിർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടു കൂടി പേര് ഗുണഭോക്തൃ പട്ടികയിൽ ചേർക്കാവുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്നതുമാണ്. ഗ്രാമപഞ്ചായത്തിൽ വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
5. ഭവനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജന സാധ്യത പരിഗണിക്കേണ്ടതാണ്.
   പദ്ധതിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് 44/20-21 |
| നിർവഹണം | സെക്രട്ടറി |

| | |
|---|---|
| ഫണ്ട് | CFC |
| അടങ്കൽ | 15,00,000/- |
| ചെലവ് | 1498980/- |
| ബിൽ നം | 37/18.11.20- 258000<br>38/18.11.20-387000<br>35/18.11.20-258000<br>36/18.11.20-251550<br>39/18.11.20-344430 |

പ്രോജക്റ്റ് പ്രകാരം 1162 എണ്ണം 40 W FTL സ്ഥാപിക്കുന്നതിനായി എൽസ്റ്റർ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിലെ താഴെ പറയുന്ന അപാകതകളുണ്ട്

1. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം അടിസ്ഥാനമാക്കിയാണ് തുക നൽകിയത്. കെ.എസ്.ഇ.ബി. ക്ക് ഇൻസ്റ്റലേഷൻ ചാർജ് നൽകിയിട്ടുണ്ട്.(പദ്ധതിയിൽ ഉൾപ്പെടുത്താതെ കണ്ടിൻജന്റ് ചെലവായാണ് തുക നൽകിയത്) എങ്കിലും ഇൻസ്റ്റലേഷൻ സംബന്ധിച്ച സാക്ഷ്യപത്രം കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

2. 17 ാം വാർഡിൽ 7 ലൈറ്റ് സ്ഥാപിച്ച എന്നും 26 ലൈറ്റുകൾ കയ്യിൽ ഏൽപ്പിച്ച എന്നുമാണ് മെമ്പറുടെ സാക്ഷ്യപത്രത്തിൽ പറഞ്ഞിട്ടുള്ളത്.

3. തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോൾ ഊർജഉപഭോഗം കുറഞ്ഞ LED വിളക്കുകൾക്ക് മുൻഗണന നൽകണം എന്ന് പദ്ധതി മാർഗരേഖയിലെ നിർദേശം പാലിക്കാതെ ട്യൂബ് ലൈറ്റാണ് സ്ഥാപിച്ചത്.

4.4) നിലാവ് പദ്ധതി:സ.ഉ.(സാധാ)1784/2020/തസ്വഭവ തീയതി 29.09.2020 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ LED യിലേക്ക് മാറ്റുന്നതിനുള്ള നിലാവ് പദ്ധതിക്ക് മുൻഗണന നൽകാതെ ട്യൂബ് ലൈറ്റുകളാണ് ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചത്.

മേൽ വിഷയത്തിലുള്ള ഓഡിറ്റ് എൻക്വയറിക്ക് - 23/20.9.21- മറുപടി ലഭിച്ചില്ല.
അപാകതകൾ പരിഹരിക്കേണ്ടതും ഊർജഉപഭോഗം കുറഞ്ഞ LED വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 തെരുവ് വിളക്ക് മെയിന്റനൻസ്- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | 46/20-21 |
| നിർവഹണം | സെക്രട്ടറി |
| ഫണ്ട് | തനത് ഫണ്ട് |
| അടങ്കൽ | 1500000/- |
| ചെലവ് | 1376932/- |
| വൌച്ചർ നം | 22000358/25.6.20- 461668<br>22000769/28.9.20- 467061<br>220001394/18.3.21- 448203 |

പ്രോജക്റ്റിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ലിന്റോ വർഗീസ് എന്ന കരാറുകാരന് തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് 1376932/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് തെരുവ് വിളക്ക് പരിപാലനത്തിന് തുക നൽകിയത്. വിശദാംശങ്ങൾ താഴെപ്പറയുന്നു.
1)തെരുവ് വിളക്ക് രജിസ്റ്റർ: വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ ഇനവും, ലൈറ്റുകൾ സ്ഥാപിച്ച തിയതി, റീപ്ലേസ്മെന്റ് വാറന്റി സമയപരിധി, സർവീസ് വാറന്റി കാലാവധി എന്നിവ രേഖപ്പെടുത്തി തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തൻമൂലം കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലുകൾ പ്രകാരമുള്ള ലൈറ്റുകളുടെ എണ്ണത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ വാറന്റി കാലാവധി അവസാനിക്കാത്ത ലൈറ്റുകളും മാറ്റി സ്ഥാപിച്ച് അവക്ക് തുക നൽകിയോ എന്ന് പരിശോധിക്കുവാനും സാധിക്കുന്നില്ല.
2)പരാതി രജിസ്റ്റർ: തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 പ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണ്ടേതുമാണ്. എന്നാൽ പഞ്ചായത്തിൽ പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേടായ തെരുവ് വിളക്കുകൾ റിപ്പയർചെയ്തതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന

കത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്തു വരുന്നത്.

കരാറുകാരനും സെക്രട്ടറിയും തമ്മിലുള്ള കരാർ വ്യവസ്ഥ 5 പ്രകാരം കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയറുടെ മുൻകൂർ അനുമതി വാങ്ങണമെന്നും വ്യവസ്ഥ 6 പ്രകാരം വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരുടെ സൂപ്പർവിഷനിൽ മാത്രമേ പ്രവർത്തി നടത്താവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയിൽ നിന്നും ഇത് സംബന്ധിച്ച സാക്ഷ്യപത്രമൊന്നും ലഭ്യമാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

3)നോഡൽ ഓഫീസർ: ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി, നോഡൽ ഓഫീസർ മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഈ പ്രവർത്തനങ്ങളൊന്നും തന്നെ പഞ്ചായത്തിൽ നടപ്പായിട്ടില്ല.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി- 27/21.9.21 ന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് ഭാവിയിൽ തെരുവ് വിളക്ക് മെയിന്റനൻസ് സുതാര്യമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 കുടിവെള്ളവിതരണം- നടപടിക്രമം പാലിച്ചില്ല

പ്രൊജക്ട്- വരൾച്ച ദുരിതാശ്വാസ കുടിവെള്ളപദ്ധതി -253/21

നിർവഹണം- സെക്രട്ടറി

| | പ്ലാൻ | CFC | തനത് ഫണ്ട് |
|---|---|---|---|
| അടങ്കൽ | 2860 | 229140 | 500000 |
| ചെലവ് | 0 | 61050 | 284800 |
| ബിൽ | | 55/24.3.21 | 22000230/ 28.5.20- 232000 22001442/ 22.3.21- 52800 |

പദ്ധതി പ്രകാരം പോൾ എബ്രഹാം എന്ന കരാറുകാരന് ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം നടത്തിയതിന് 1600 /Trip നിരക്കിൽ തുക നൽകിയിട്ടുണ്ട്. സ. ഉ. (എം.എസ്) 494/20/lsgd/27.2.20 പ്രകാരം വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് സർക്കാർ ചെലവനുമതി നൽകിയിരുന്നു. GPS ഘടിപ്പിച്ച ടാങ്കറിൽ ജലവിതരണം നടത്തണമെന്നും ജി.പി.എസ്. ലോഗ്, വാഹനത്തിന്റെ ലോഗ് എന്നിവ ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി ചെലവ് തുക നൽകാവൂ എന്നും ഉത്തരവിൽ വ്യവസ്ഥയുണ്ട്. മേൽ വ്യവസ്ഥകൾ പാലിക്കാതെ മെമ്പർമാർ ഒപ്പിട്ട ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. ട്രിപ്പ് ഷീറ്റിൽ തിയതി, ട്രിപ്പിന്റെ എണ്ണം, വാർഡ് എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജലവിതരണം നടത്തിയതിന്റെ കൃത്യത ഉറപ്പുവരുത്താതെ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി -27/21.9.21 ന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ സർക്കാർ നിർദേശിച്ച നടപടിക്രമങ്ങൾ പാലിച്ച് മാത്രം പദ്ധതി ചെലവ് നടത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-27 കുടിവെള്ള കണക്ഷന് ഡെപ്പോസിറ്റ് - വിനിയോഗവിവരം ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്ട് | അങ്കണവാടികൾക്കും PHC സബ്സെന്ററുകൾക്കും കുടിവെള്ള കണക്ഷൻ (255/21) |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 500000 (CFC) |
| ചെലവ് | 330000 |
| ബിൽ 33/13.11.20 | 210000/- |
| ബിൽ 32/13.11.20 | 120000/- |

പദ്ധതി പ്രകാരം അങ്കണവാടി നം-84, 97 എന്നിവയ്ക്ക് കുടിവെള്ള കണക്ഷനുവേണ്ടി പദ്ധതി തുകയായ 330000 രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിയുമായി കരാർ

ചമച്ചിട്ടില്ല. പദ്ധതി പൂർത്തിയാക്കിയതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - 27/21.9.21-മറുപടി ലഭ്യമായില്ല. ഡെപ്പോസിറ്റ് പ്രവർത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതും വിനിയോഗസാക്ഷ്യപത്രം വാങ്ങി മുൻകൂർ തുക ക്രമീകരിക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 330000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 ജലജീവൻ മിഷൻ പദ്ധതി - വിനിയോഗവിവരം ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്ട് | ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വ്യക്തിഗത കുടിവെള്ള ഹൗസ് കണക്ഷൻ - 391/21 |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 1168050 |
| ചെലവ് | 1168050 |
| വൗച്ചർ - 22001198/29.1.21 | 389350 |
| വൗച്ചർ -22001199/29.1.21 | 389350 |
| വൗച്ചർ -22001200/29.1.21 | 389350 |

ജലജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് വിഹിതം 1168050/- രൂപയും കേന്ദ്രവിഹിതം 5840250/- രൂപയും ഗുണഭോക്തൃവിഹിതം 778700/- രൂപയും ചേർന്ന് 7787000/- രൂപയായിരുന്ന കേരള വാട്ടർ അതോറിറ്റിയുടെ ആകെ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്തിന്റെ വിഹിതം കേരള വാട്ടർ അതേറിറ്റിയിൽ ഒടുക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി പ്രകാരം പഞ്ചായത്ത് വിഹിതം വാട്ടർ അതോറിറ്റിക്ക് 29.1.21 ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി കരാർ വച്ചിട്ടില്ല. പദ്ധതി പ്രകാരം തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരം, എത്ര വീടുകൾക്ക് കണക്ഷൻ നല്കി, എത്ര തുക ചെലവഴിച്ചു തുടങ്ങിയ വിവരങ്ങൾ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി - നം 19/19.9.21- ന് മറുപടി ലഭ്യമായില്ല.

പദ്ധതി പ്രകാരം നൽകിയ കണക്ഷനുകളുടെ വിവരവും വിനിയോഗവിവരവും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നതുവരെ 1168050/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 പ്രിന്റർ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല

താഴെ പറയുന്ന 2 പദ്ധതികൾ പ്രകാരം പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിന് 2020-21 വർഷം തുക ചെലവഴിച്ചിട്ടുണ്ട്.

നിർവഹണം - സെക്രട്ടറി

ഫണ്ട് - തനത് ഫണ്ട്

| | അടങ്കൽ | ചെലവ് | വൌച്ചർ നമ്പർ | സ്ഥാപനം/ റിമാർക്സ് |
|---|---|---|---|---|
| പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ - 188/21 | 66000 | 66000 | 22000996/ 23.11.20 | 2 പ്രിന്ററുകൾക്കായി KM Technologies ന് തുക നൽകി |
| പഞ്ചായത്ത് ഓഫീസിലേക്ക് സ്കാനർ - 220/21 | 200000 | 175430 | 22000995/ 23.11.20 | KM Technologies ന് തുക നൽകി |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.10.20 ലെ 2-8 നമ്പർ തീരുമാനപ്രകാരം പ്രിന്റർ, സ്കാനർ എന്നിവ ജെം മുഖേന വാങ്ങാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഇതിനായുള്ള നടപടികളൊന്നും സ്വീകരിച്ചതിന്റെ

രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പർച്ചേസ് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് -19/19.9.21 ന് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. പർച്ചേസ് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും കമ്പ്യൂട്ടർ അനുബന്ധസാധനങ്ങളുടെ പർച്ചേസ് Cprcs മുഖേന സർക്കുലർ - IT Cell-1/26/19/വിവര സാങ്കേതിക വകുപ്പ്/ 18.3.19– ലെ വ്യവസ്ഥകൾ അനുസരിച്ച് നടത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 എ.ബി.സി പദ്ധതി- വിനിയോഗവിവരം ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്ട് | എ.ബി.സി പ്രൊഗ്രാം-183/21 |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 105223(പ്ലാൻ)<br>- 44777(തനത് ഫണ്ട്) |
| ചെലവ് | പ്ലാൻ -105223/-<br>ബിൽ നം - 46/23.1.21<br>തനത് ഫണ്ട് - 33377 /- വൌച്ചർ-22001254/9.2.21 |

എ.ബി.സി പ്രൊഗ്രാം നടപ്പിലാക്കുന്നതിനായി പദ്ധതി തുക കുടുംബശ്രീ ജില്ലാമിഷൻ കോഓർഡിനേറ്റർക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി - 11/18.9.21 ന് മറുപടിയും ലഭ്യമായില്ല). പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂറായി നൽകിയ തുക ക്രമീകരിക്കേണ്ടതുമാണ്. വിനിയോഗ വിവരം ലഭ്യമാകുന്നത് വരെ 1,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 തുല്യതാ പഠനം - രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 182/21 |
| പ്രോജക്ടിന്റെ പേര് | തുല്യതാ പഠനം |
| അടങ്കൽ | 100000/ തനത് ഫണ്ട് |
| ചെലവ് | 58550/- |
| ബിൽ നമ്പർ/തീയതി | 22001569/31.3.21-58550 |

സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ തുല്യതാപഠിതാക്കളുടെ ഫീസിനത്തിൽ താഴെപറയും പ്രകാരം സാക്ഷരതാ മിഷന് തുക നൽകിയിട്ടുണ്ട്.

പത്താംതരം- 1850/- രൂപ വീതം 11പേർക്ക് ആകെ 20350/-

ഹയർ സെക്കൻഡറി - പ്ലസ് 1 – 10 പേർക്ക് 2500 വീതം 25000/-

പ്ലസ് 2 – 6 പേർക്ക് 2200 – വീതം 13200/-

ഗുണഭോക്താക്കളായ 27 പഠിതാക്കളും പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 20.09.2021 ലെ 24ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾ പരീക്ഷയ്ക്ക് ഹാജരായതിന്റെയും പരീക്ഷാഫലത്തിന്റെയും വിവരം പരിശോധിക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നത് വരെ 58550/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(എം.എസ്) നം. 170/2007/ ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 02.08.2008 പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധന തിയതി 31.03.2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ എന്നിവ നിശ്ചയിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഗ്രാമപഞ്ചായത്തിൽ പരിപാലിച്ച വരുന്ന രേഖകളുടെ -2020-21 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ – അടിസ്ഥാനത്തിൽ നടത്തിയ

വിലയിരുത്തലിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം 111362/- രൂപ ഇന്ധനം വാങ്ങിയതിനായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വാഹന മെയിന്റനൻസിനായി 22698/- രൂപ ചെലവഴിച്ചിട്ടുണ്ട്.

വാഹനം -Mahindra Bolero- (രജിസ്ട്രേഷൻ നം.- KL-63-E-7993)

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

  1. ലോഗ് ബുക്ക്
  2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്
  3. റിപ്പയർ രജിസ്റ്റർ
  4. ഫ്യുവൽ രജിസ്റ്റർ

  എന്നാൽ ലോഗ് ബുക്ക് മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നത്. ബാക്കിയുള്ള രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആകയാൽ വാഹനത്തിന്റെ പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല.
- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
- ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് 2019-20,20-21 വർഷങ്ങളിൽ നടത്തിയിട്ടില്ല എന്ന് കാണുന്നു.
- ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.
- കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
- വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ് ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

  മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/21.09.2021) മറുപടി നൽകിയിട്ടില്ല.

  ഓഡിറ്റ് നിർദേശങ്ങൾ
- സ.ഉ(എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.
- ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തേണ്ടതാണ്.
- വാഹനത്തിന്റെ പുക ടെസ്റ്റ് നടത്തി സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.
- വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്.

  തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ വിതരണം തുടരുന്നു

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി കാണുന്നു. പരിശോധനയിൽ കണ്ടെത്തിയ ഏതാനും ചില ഗുണഭോക്താക്കളുടെ മാത്രം വിവരങ്ങളാണ് പട്ടികയിൽ

നൽകിയിട്ടുള്ളത്. ഇതുപോലെ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടാകാം. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | ആനി ജോസഫ് | വാർദ്ധക്യ കാല പെൻഷൻ | 107010202033 | 19.06.2020 | 07/2020 മുതൽ 08/2021 വരെ | 20700/- |
| 2 | ദേവസ്സി എം.സി | വാർദ്ധക്യ കാല പെൻഷൻ | 106370200515 | 30.04.2020 | 05/2020 മുതൽ 08/2021 വരെ | 24500/- |
| 3 | ചെറിയകട്ടി | വാർദ്ധക്യ കാല പെൻഷൻ | 108020200218 | 01.05.2020 | 06/2020 മുതൽ 08/2021 വരെ | 22000/- |
| 4 | ആബേൽ പി.വി | വാർദ്ധക്യ കാല പെൻഷൻ | 106370201170 | 24.03.2020 | 04/2020 മുതൽ 08/2021 വരെ | 26000/- |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(07/15.09.2021) മറുപടിയായി ഡെത്ത് രജിസ്റ്ററുമായി താരതമ്യം ചെയ്ത് മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ കണ്ടെത്തി ഉടൻ തന്നെ സേവന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെന്റ് ചെയ്യുന്നതാണെന്നും,ടി ഗുണഭോക്താക്കളുടെ അഡ്രസ്സിലേയ്ക്ക് കത്തയച്ച് മരണശേഷം കൈപ്പറ്റിയ തുക തിരികെ അടവാക്കുന്നതിനുള്ള സ്വീകരിക്കുന്നതാണെന്നും അറയിച്ചിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ക്രമ നമ്പർ 1,3 എന്നീ ഗുണഭോക്താക്കൾ നെടുമ്പാശ്ശേരി, പരിയാരം പഞ്ചായത്തിൽ നിന്നുമാണ് നിലവിൽ പെൻഷൻ ലഭിക്കുന്നത് പ്രസ്തുത പഞ്ചായത്തിനെ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം അറിയിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ധനകാര്യ വകുപ്പിന്റെ 05.11.20-ലെ സർക്കുലർ നം.67/2020/ധന പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം ആയത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി വിതരണം ചെയ്തതായി കണ്ടെത്തിയ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ സേവനയിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-34 ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനം

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. കറുക്കുറ്റി ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) തെരുവു വിളക്കുകളുടെ കണക്ക്, വൈദ്യുതി ചാർജ്ജ്

തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കൃത്യമായ എണ്ണം കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഓരോ ഇനം ലാമ്പുകളുടേയും എണ്ണത്തിനും കൃത്യമായ കണക്കില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ യഥാക്രമം 2250238, 2695500 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രതിമാസം ശരാശരി 224625 രൂപയാണ് കറുക്കുറ്റി, കൊരട്ടി തുടങ്ങിയ സെക്ഷനുകളിൽ വൈദ്യുതി ചാർജിനത്തിൽ ഒടുക്കി വരുന്നത്.

ബി) മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയ തെരുവ് വിളക്കുകളുടെ വിവരം

പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾ ഭൂരിഭാഗവും മീറ്ററിംഗ് സംവിധാനത്തിന് കീഴിലാക്കിയിട്ടുണ്ട്. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയ കൺസ്യൂമർ നമ്പറുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെ.എസ്.ഇ.ബി സെക്ഷൻ | കൺസ്യൂമർ നമ്പറുകളുടെ എണ്ണം |
|---|---|---|
| 1 | കറുകുറ്റി | 23 |
| 2 | കൊരട്ടി | 1 |
| 3 | മൂക്കന്നൂർ | 2 |
| 4 | അങ്കമാലി | 3 |
| 5 | മേലൂർ | 1 |
| ആകെ | | 30 |

സി) ലാമ്പുകളുടെ വിവരം

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ പട്ടിക പ്രകാരം 17 വാർഡുകളിലായി സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് | LED | Bulb | Tube (Double) | CFL | Sodium Vapour Lamp |
|---|---|---|---|---|---|
| 1 | - | - | 81 | 20 | - |
| 2 | - | - | 53 | 48 | - |
| 3 | - | - | 68 | 29 | - |
| 4 | - | - | 55 | 8 | - |
| 5 | - | - | 35 | 13 | - |
| 6 | - | - | 54 | 7 | - |
| 7 | - | - | 60 | 24 | - |
| 8 | - | - | 52 | 34 | - |
| 9 | - | - | 43 | 22 | - |
| 10 | - | - | 30 | 8 | - |
| 11 | - | - | 31 | 9 | - |
| 12 | - | - | 35 | 20 | - |
| 13 | - | - | 40 | 9 | - |
| 14 | - | - | 36 | 13 | - |
| 15 | - | - | 22 | 7 | - |
| 16 | - | - | 78 | 4 | - |
| 17 | - | - | 27 | 7 | - |
| ആകെ | - | - | 800 | 281 | - |

പഞ്ചായത്തിൽ LED ലാമ്പുകൾ ഉപയോഗിക്കുന്നില്ലെന്നും ഉപയോഗിക്കുന്ന എല്ലാ ലാമ്പുകളും ഊർജ്ജ ഉപഭോഗം കൂടുതലുള്ളതാണെന്നും മേൽ കണക്കുകൾ സൂചിപ്പിക്കുന്നു.

ഡി) വൈദ്യുതി ചാർജ്

കറുകുറ്റി ഗ്രാമഞ്ചായത്തിലെ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും ഇല്ലാത്തതുമായ തെരുവ് വിളക്കുകളുടെ പ്രതിമാസ ശരാശരി വൈദ്യുതി ചാർജ് 224625 രൂപയാണ്. 2020-21 വർഷത്തിൽ 2695500 രൂപ ഈ ഇനത്തിൽ ചെലവ് വരുന്നുണ്ട്. എല്ലാ ലാമ്പുകളേയും മീറ്ററിന് കീഴിൽ കൊണ്ടുവരിക്കയും ഇപ്പോൾ ഉപയോഗിക്കുന്ന ലാമ്പുകളെ LED ലാബുകളാക്കി മാറ്റുക്കയും ചെയ്താൽ വൈദ്യുതി ചാർജ്ജിനത്തിൽ ഗണ്യമായ കുറവ് വരുത്താവുന്നതാണ്.

ഇ) തെരുവ് വിളക്കുകളുടെ പരിപാലനം

തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ഓഡിറ്റ് വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

എഫ്) വാർഷിക അറ്റകുറ്റപ്പണികൾ

സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് രജിസ്റ്റർ പ്രത്യേകം സൂക്ഷിക്കാത്തതിനാൽ ലാമ്പുകളുടെ വാറണ്ടി ഉടങ്ങിയ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിൽ വാങ്ങി സ്ഥാപിച്ചതും വാറണ്ടി നിലനിൽക്കുന്നതുമായ തെരുവു വിളക്കുകളും മാറ്റി സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള യാതൊരു സംവിധാനവും നിലവിലില്ല. കരാറുകാരന്റെ ബില്ലും മെമ്പർമാരുടെ സാക്ഷ്യപത്രവും അനുസരിച്ചാണ് ലാമ്പുകൾ മാറ്റി സ്ഥാപിച്ചതായി സെക്രട്ടറി

സാക്ഷ്യപ്പെടുത്തുന്നത്. കൃത്യമായ പരിശോധനയില്ലാതെയാണ് അറ്റകുറ്റപ്പണികൾക്കുള്ള തുക നൽകുന്നത്. വാറണ്ടി ഉള്ള ലാമ്പുകളെ ഒഴിവാക്കി ബാക്കിയുള്ള ലാമ്പുകളുടെ മാത്രം അറ്റകുപ്പണികൾ നടത്തുവാൻ തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 18/18.09.2021) മറുപടിയിൽ സംയുക്ത പരിശോധന നടത്തുന്നതാണെന്നും മെയ്ന്റനൻസിന് സർക്കാർ നിർദ്ദേശങ്ങൽ പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

2) എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3) ഗ്രാമപഞ്ചായത്തിലെ ഊർജ്ജ ഉപഭോഗം കൂടുതലുള്ള എല്ലാ ലാമ്പുകൾക്കു പകരം ഊർജ്ജ ഉപഭോഗം കുറവും ആയുസ്സ് കൂടുതലുള്ളതുമായ എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ഇതിനായി തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ.ഉ (കൈ) നം.202/2020/തസ്വഭവ തിയതി 25.12.2020 പ്രകാരം നിലവിൽ വന്ന നിലാവ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.

4) വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകളുടെ റിപ്പയർ വാർഷിക അറ്റകുറ്റപ്പണികളിൽ നടത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

5) തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുമ്പോൾ സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്

ജല അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 79 പൊതു ടാപ്പുകൾക്കുള്ള തുക വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നു. ടാപ്പൊന്നിന് 5250/-രൂപ നിരക്കിൽ ഈയിനത്തിൽ ഒരു വർഷത്തിൽ 414750/-രൂപ വെള്ളക്കരം അടവാക്കേണ്ടതുണ്ട്. ആയത് 12 ഗഡുക്കളായി നിശ്ചയിച്ച് പ്രതിമാസം 34563/-രൂപ പ്രകാരമാണ് അടവാക്കുന്നത്. പൊതു ടാപ്പുകളുടെ വാർഡ് അടിസ്ഥാനത്തിലുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കാത്തത് കാരണം കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലാണോ വെള്ളക്കരം ഒടുക്കി വരുന്നതുന്നതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/18.09.2021) മറുപടി നൽകിയിട്ടില്ല.

അപാകങ്ങൾ

- പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.
- പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനായി ഗാർഹിക കുടിവെള്ള കണക്ഷനുകൾക്ക് സബ്സിഡി നൽകുന്നതിനുള്ള പദ്ധതികൾ ഓഡിറ്റ് വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് ജലഅതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. പൊതുടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനായി ഹൗസ് കണക്ഷനുകൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
2. സ.ഉ(സാധാ)നം.1275/09 തിയ്യതി 30.5.2009 പ്രകാരം പുറപ്പെടുവിച്ച കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, കാര്യക്ഷമമാക്കൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 ഓഡിറ്റ് ഇംപാക്ട് - മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക എൻക്വയറിയെ

## തുടർന്ന് തിരികെ അടവാക്കി

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ മരണപ്പെട്ട ശേഷവും അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ തുക തിരികെ അടവാക്കി.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക | തിരികെ അടച്ച തുക/ രസീത് നമ്പർ/ ട്രാൻസാക്ഷൻ ഐഡി |
|---|---|---|---|---|---|---|---|
| 1 | കമാരൻ എ.കെ | വാർദ്ധക്യ കാല പെൻഷൻ | 1063702 01186 | 27.03.20 | 04/2020 മുതൽ 08/2021 വരെ | 24600/- | 24600/- (UBINJ 21260787549) |
| 2 | വർഗ്ഗീസ് ഇ.ഡി | വാർദ്ധക്യ കാല പെൻഷൻ | 1063702 02462 | 06.04.20 | 05/2020 മുതൽ 08/2021 വരെ | 24500/- | 24500/- (FDRLH 21263951641) |
| 3 | ഏല്യാമ്മ ഔസേഫ് | വാർദ്ധക്യ കാല പെൻഷൻ | 1063702 01508 | 07.06.20 | 07/2020 മുതൽ 06/2021 വരെ | 17500/- | 17500/- (121030102020) |

## 1-37 കന്നുകുട്ടി പരിപാലനം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | എസ് 221/20-21, കന്നുകുട്ടി പരിപാലനം |
| നിർവ്വഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 3,00,000/(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 3,00,000/-(ബിൽ നം 04/20.03.2021) |

4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷ്വറൻസ് എന്നിവ ലഭ്യമാക്കുന്നതിനായുള്ള മേൽ പദ്ധതിയിൽ 24 കന്നുകുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനവിഹിതം ലഭ്യമല്ലാത്തതിനാൽ കന്നുകുട്ടി ഒന്നിന് സബ്സിഡി തുകയായ 12500/- രൂപയും പഞ്ചായത്താണ് വകയിരുത്തി പ്രോജക്റ്റ് ഓഫീസർ, ആലുവ-യ്ക്ക് കൈമാറിയിട്ടുള്ളത്. കന്നുകുട്ടികൾക്ക് 32 മാസം പ്രായം തികയുകയോ ഗർഭം ധരിക്കുകയോ, ഇതിലേതാണോ ആദ്യം വരുന്നത് അതുവരെയാണ് പദ്ധതിയിൽ ആനുകൂല്യം നൽകുന്നത്. പ്രോജക്റ്റ് ഓഫീസർക്ക് കൈമാറിയ തുകയുടെ ചെലവുവിവരം ലഭ്യമാക്കേണ്ടതാണ്. മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ലെങ്കിൽ ബാക്കി തുക തിരികെ ഈടാക്കുകയോ, വരും വർഷങ്ങളിലെ പദ്ധതിയിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-38 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്റ്റ് നം , പേര് | 02/2020-21, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക /ഫണ്ട് | 1,50,000/- രൂപ (സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | 1,50,000/- രൂപ ( ബിൽ നം 01/27.08.2020) |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

2020-21 സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റിലൂടെ ബിൽ നം 01/27.08.2020 പ്രകാരം ഹോംകോ യ്ക്ക് 1,50,000/- രൂപ നൽകിയിട്ടുണ്ട്. LF 1006/20.07.2021 നമ്പർ ഇൻവോയ്സ് പ്രകാരം 88,066/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ആശുപത്രിയിൽ ലഭ്യമായിട്ടുള്ളത്. ബാക്കി 61,934/- രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. മരുന്ന് ലഭ്യമാകുന്നതുവരെ 61934/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 ഗ്രാമപഞ്ചായത്തിൽ കാര്യക്ഷമമായ മാലിന്യ സംസ്കരണം സംവിധാനം ഉറപ്പാക്കേണ്ടതാണ്

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്യുക എന്നത് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 219A മുതൽ 219X വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും ഗ്രാമപഞ്ചായത്ത് ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങളിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.

കറുക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്ന് വിലയിരുത്തുന്നതിനായി വിവിധ രേഖകൾ പരിശോധിക്കുകയും നേരിട്ടും അല്ലാതെയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>എ. സുസ്ഥിര മാലിന്യ സംസ്കരണ സംവിധാനം</u>

ഗ്രാമപഞ്ചായത്തിൽ നിലവിൽ സുസ്ഥിര മാലിന്യ സംസ്കരണത്തിനായി സംവിധാനങ്ങളൊന്നും നിലവിലില്ല. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ജീവനക്കാരുടെ തസ്തിക ഗ്രാമപഞ്ചായത്തിലില്ല.

മാലിന്യ സംസ്കരണത്തിനായി സ്ഥലം ഏറ്റെടുക്കുകയോ പ്ലാന്റ് നിർമ്മിക്കുകയോ ചെയ്തിട്ടില്ല. ടൗണിൽ നിന്നും തെരുവുകളിൽ നിന്നും സ്ഥിരമായി മാലിന്യ നീക്കം നടത്തുന്നതിന് ജീവനക്കാരില്ലാത്തതിനാൽ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല.

ഈ വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവ തീരുമാനങ്ങൾ എടുത്തതായി കാണുന്നില്ല.

<u>ബി. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചില്ല</u>

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എം.സി.എഫ് സെന്റർ നാളിതുവരെ ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടില്ല.

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12.02.2019 പ്രകാരം എം.സി.എഫ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് ആയതിൽ ഉചിതമായ മാറ്റം വരുത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഉചിതമായ സ്ഥലം കണ്ടെത്തുവാൻ സാധിക്കാത്തതിനാലാണ് എം.സി.എഫ് സെന്ററിനായി സ്ഥിരം കെട്ടിടം പണിയുവാൻ സാധിക്കാത്തതെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

<u>സി. ഹരിതകർമ്മസേന</u>

സ.ഉ (സാധാ) നം.2420/17/തസ്വഭവ തിയതി 15.07.2017 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു വെങ്കിലും ഹരിതകർമ്മസേന യഥാസമയം ആരംഭിക്കുന്നതിനുള്ള നടപടികൾ ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>ഡി. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 പ്രകാരമുള്ള നടപടികൾ</u>

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ നിർദ്ദേശാനുസരണം 50 മൈക്രോണിൽ കൂടുതലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി കടകളിൽ നിന്നും ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിനായി ബൈലോയും രൂപീകരിച്ചിട്ടില്ല.

<u>ഇ. വികേന്ദ്രീകൃത മാലിന്യ സംസ്കരണം</u>

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും തൻവർഷത്തിലോ മുൻവർഷങ്ങളിലോ ആവിഷ്കരിച്ചിട്ടില്ല.

ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവ എടുത്തതായി കാണുന്നില്ല. മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15.09.2021) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സുസ്ഥിര മാലിന്യ സംസ്കരണത്തിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. എം.സി.എഫ് സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തപക്ഷം ഇതിനായി ലഭിച്ച 12 ലക്ഷം രൂപ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

4. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് നടപടികളും കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

6. വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ്, റിംഗ് കംപോസ്റ്റ് മുതലായവയ്ക്ക് സബ്സിഡി അനുവദിച്ചു കൊണ്ട് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

7. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29.07.2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിലുള്ള തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 അസാധാരണ ചെലവ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടം 5 പ്രകാരം അസാധാരണ ചെലവിനങ്ങൾ സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന നമ്പർ, തീയതി, ആകെ ചെലവ് തുക എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് വർഷങ്ങളിൽ അസാധാരണ ചെലവുകൾ നടന്നിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ചട്ട പ്രകാരമുള്ള അസാധാരണ ചെലവ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ചട്ട പ്രകാരമുള്ള അസാധാരണ ചെലവ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് കാലിക്കമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 06/14.09.2021)

## 1-41 എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലീഷ്മെന്റ് ചെലവുകൾ - തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല

ഓഡിറ്റ് വർഷം തനത് ഫണ്ടിൽ നിന്നും എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 1148934/- രൂപ അഡ്വാൻസ് ചെയ്തിട്ടുണ്ട്. 2020-21 ൽ ക്രമീകരിക്കുവാൻ ബാക്കിനിൽക്കുന്ന ആകെ അഡ്വാൻസ് തുക 352442/- രൂപയാണ്. ഈ തുക പൂർണ്ണമായും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്.

## 1-42 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - ആക്ഷൻ പ്ലാൻ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ 2020-21 വർഷത്തെ അംഗീകൃത ആക്ഷൻപ്ലാൻ പ്രകാരം 1466 പദ്ധതികൾക്കായി 103368000/- രൂപയുടെ അടങ്കലായിരുന്നു വിഭാവനം ചെയ്തിരുന്നത്. എന്നാൽ 20746626/- രൂപ ചെലവഴിച്ച് കേവലം 185 പദ്ധതികൾ മാത്രമേ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ. ഇക്കാലയളവിൽ 232201 തൊഴിൽദിനങ്ങൾ ലക്ഷ്യമിട്ടെങ്കിലും 52515 തൊഴിൽദിനങ്ങളാണ് സൃഷ്ടിച്ചത്. അതായത് ലക്ഷ്യമിട്ടതിന്റെ 26.81% തൊഴിൽദിനങ്ങൾ മാത്രമേ നൽകുവാൻ സാധിച്ചിട്ടുള്ളൂ. ഓരോ ഗ്രാമീണകുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 തൊഴിൽദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യാൻ ലക്ഷ്യമിട്ട ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം തൊഴിൽ ആവശ്യപ്പെട്ട 912 കുടുംബങ്ങളിൽ 229 കുടുംബങ്ങൾക്ക് മാത്രമേ 100 തൊഴിൽദിനങ്ങൾ നൽകുവാൻ സാധിച്ചിട്ടുള്ളൂ. ആക്ഷൻ പ്ലാൻ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാനും പരമാവധി കുടുംബങ്ങൾക്ക്

100 തൊഴിൽദിനങ്ങൾ നൽകുവാനും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

2019-2020 സാമ്പത്തികവർഷം കറുകുറ്റി ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തലത്തിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല കമ്മിറ്റികൾ രൂപീകരിക്കുകയും, കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തകരെ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെമ്പർമാർ, മെഡിക്കൽ ഓഫീസർമാർ, ആരോഗ്യപ്രവർത്തകർ എന്നിവരടങ്ങുന്ന നിരീക്ഷണസമിതി എല്ലാ ആഴ്ചയും യോഗം ചേർന്ന് വാർഡ് തലസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്നു.

2020 മാർച്ച് മാസം മദ്ധ്യത്തോടെ കോവിഡ് -19 ആരംഭിച്ചതുമുതൽ പഞ്ചായത്ത് മെമ്പർമാരുടെയും, സന്നദ്ധപ്രവർത്തകരുടെയും നേതൃത്വത്തിൽ ക്വാറന്റീൻ സെന്റർ പ്രവർത്തനം ആരംഭിച്ചിരുന്നു. ക്വാറന്റീൻ സെന്ററിന്റെ ദൈനംദിനപ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിരോധസാമഗ്രികൾ, മരുന്നുകൾ എന്നിവ വാങ്ങൽ, ക്ലീനിംഗ് ചെലവുകൾ, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയ വിവിധ ഇനങ്ങളിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവ് വന്നിട്ടുണ്ട്.

| വർഷം | ക്വാറന്റീൻ സെന്റർ പ്രവർത്തിച്ചിരുന്ന സ്ഥലം | ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|
| 2019-2020 | എസ്.സി.എം.എസ് | 4,19,218/- | തനത് ഫണ്ട് |
| | ആകെ | 4,19,218 /- | |

2019-2020 സാമ്പത്തികവർഷം പഞ്ചായത്ത് പ്രദേശത്ത് ഫസ്റ്റ് ലൈൻ ട്രീറ്റ് മെന്റ് സെന്റർ ( FLTC) കൾ പ്രവർത്തിച്ചിരുന്നില്ല.

2019-2020 സാമ്പത്തികവർഷം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|---|
| S404/20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- | 4,00,000 | 1,90,720 | വികസനഫണ്ട് |

2020-2021

കോവിഡ് വ്യാപനം രൂക്ഷമായ 2020-2021 സാമ്പത്തികവർഷമാണ് കോവിഡ് നിർവ്യാപനപ്രവർത്തനങ്ങളിൽ പഞ്ചായത്ത് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്തിയത്.

03/2020 മുതൽ മുതൽ പഞ്ചായത്തിന്റെ വിവിധ വാർഡുകൾ കേന്ദ്രീകരിച്ച് സന്നദ്ധപ്രവർത്തകരെ ഉൾപ്പെടുത്തി ആരംഭിച്ച സാമൂഹ്യ അടുക്കളകൾ 05/2020 വരെ തുടർന്നിരുന്നു. ഈ സാമൂഹ്യഅടുക്കളയുടെ പ്രവർത്തനങ്ങൾ നടന്നിരുന്നത് സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെ സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും, രോഗപ്രതിരോധ സാമഗ്രികൾ, സാമൂഹ്യഅടുക്കളയിലേക്ക് വിവിധതരം പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, എന്നിവയുടെ സംഭാവനകളിലൂടെയും ആയിരുന്നു.

2020-21 വർഷത്തിലും കറുകുറ്റി എസ്.സി.എം.എസ്. -ൽ ക്വാറന്റീൻ സെന്റർ പ്രവർത്തിച്ചിരുന്നു.

| വർഷം | ക്വാറന്റീൻ സെന്റർ പ്രവർത്തിച്ചിരുന്ന സ്ഥലം | ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|
| 2020-2021 | എസ്.സി.എം.എസ് | 17,74,772/- | തനത് ഫണ്ട് |
| | ആകെ | 17,74,772 /- | |

2020-2021 സാമ്പത്തികവർഷം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|---|
| S382/21 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- | 3,00,000/- | 2,76,250/- | വികസനഫണ്ട് |

| | | | | |
|---|---|---|---|---|
| | പ്രതിരോധ സാമഗ്രികൾ വാങ്ങൽ | | | |

പ്രൊജക്ട് വഴി നടപ്പാക്കിയ പ്രവർത്തനങ്ങളിൽ കൂടുതലും ചെലവ് വന്നിരിക്കുന്നത് സംസ്ഥാനതലത്തിൽ തന്നെ കോവിഡ് സെന്ററായി പ്രവർത്തിച്ചിരുന്ന അഡലക്സ് കൺവെൻഷൻ സെന്ററിലെ മാലിന്യം നീക്കം ചെയ്യലിനാണ്. പ്ലാസ്റ്റിക് / ജൈവ മാലിന്യങ്ങൾ നീക്കം ചെയ്യാൻ പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് കൂടുതൽ തുകയും ചെലവഴിച്ചിരിക്കുന്നത്.

പഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിവിധ തലത്തിലുള്ള വ്യക്തികൾ, സംഘടനകൾ എന്നിവരിൽ നിന്ന് സംഭാവനകൾ പണമായും, സാമഗ്രികളായും- പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, മരുന്നുകൾ, പ്രതിരോധസാമഗ്രികൾ - പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. ഫെഡറൽ ബാങ്ക്. എസ്.ബി.ഐ. എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് 2020-21 ൽ 1,85,000/- രൂപ സംഭാവനയായി കിട്ടിയിരുന്നു. പഞ്ചായത്ത് രസീത് വഴി സ്വീകരിക്കപ്പെട്ട ഈ സംഭാവനകൾ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. ഇതിൽ 1,52,000/- രൂപ ആ വർഷം ചെലവായിട്ടുണ്ട്. ഈ വരവ് -ചെലവ് കണക്കുകൾ പഞ്ചായത്തിന്റെ വാർഷിക ധനകാര്യപ്പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.

കഴിഞ്ഞ രണ്ട് വർഷങ്ങളിലായി പഞ്ചായത്തിന് കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി ചെലവായ തുകയിൽ 1,00,000/-രൂപ ജില്ലാ കളക്ടേറ്റിൽ നിന്നും, 6,00,000/-രൂപ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും റീ ഇമ്പേഴ്സ് ചെയ്ത് ലഭിച്ചിട്ടുണ്ട്.

2021 ലാണ് പഞ്ചായത്തിൽ ഡി.സി.സി. (ഡോമിസിയറി കെയർ സെന്റർ) ആരംഭിച്ചത്. കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ സഹായിക്കാനായി ഒരു ഡോക്ടർ, 4 നഴ്സ്മാർ, 4 ക്ലീനിംഗ് ജീവനക്കാർ എന്നിവരെ നിലവിൽ ഈ ഡി.സി.സി-യിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ യൂത്ത് വോളന്റീയർമാർക്ക് പരിശീലനം നല്കി അവരെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ നിയോഗിച്ചിട്ടുണ്ട്.

2021 മെയ് മാസം മുതൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്.

കൂടാതെ 2021 ൽ എം.പി പ്രാദേശികവികസന ഫണ്ടിൽ നിന്ന് പഞ്ചായത്തിന് ഒരു ആംബുലൻസ് ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നുണ്ട്.

കോവിഡ് രോഗപ്രതിരോധപ്രവർത്തനങ്ങളിൽ അടിയന്തിരമായും, ഒഴിവാക്കാനാവാത്തതുമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് ചെലവഴിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിവേചനാധികാരം ഉണ്ടെങ്കിലും താല്ക്കാലിക ജീവനക്കാരുടെ വേതനം, വാഹനങ്ങളുടെ വാടക, ആംബുലൻസ് ഉൾപ്പെടെയുള്ള വാഹനങ്ങളുടെ മെയിന്റനൻസ് തുടങ്ങിയ ചെലവുകൾ പരിധിവിട്ട് പോകാതിരിക്കാനുള്ള ജാഗ്രത പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-44 തനതുവരുമാന വർദ്ധനവിന് നടപടികളുണ്ടാവണം

കറുകുറ്റി ഗ്രാമ പഞ്ചായത്തിന്റെ 2020-21 ലെ വാർഷിക കണക്ക് പ്രകാരം പ്രതീക്ഷിത നികുതി വരുമാനം താഴെ കാണും പ്രകാരമാണ് (Income & Expenditure Statement പ്രകാരം)

| | | |
|---|---|---|
| 1 | വസ്തു നികുതി (റസിഡൻഷ്യൽ) | 27,40,232 |
| 2 | വസ്തു നികുതി (നോൺ റസിഡൻഷ്യൽ) | 53,30,733 |
| 3 | തൊഴിൽ നികുതി (ജീവനക്കാർ) | 6,80,170 |
| 4 | തൊഴിൽ നികുതി (ട്രേഡേഴ്സ്) | 26,21,741 |

പഞ്ചായത്തിന്റെ മുഖ്യ വരുമാന ഇനമായ വസ്തുനികുതി താരതമ്യേന കുറവാണെന്ന് കാണുന്നു. 2013 ലെ വസ്തു നികുതി പരിഷ്കരണത്തിൽ ഓരോ ഇനം കെട്ടിടങ്ങൾക്കും സർക്കാർ നിശ്ചയിച്ച അടിസ്ഥാന നിരക്കിന്റെ ഏറ്റവും കുറഞ്ഞ തുകയാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് നിശ്ചയിച്ചിട്ടുള്ളത് (പഞ്ചായത്ത് കമ്മിറ്റിയുടെ 17/06/2013 ലെ 3ാം നം തീരുമാനം). അഞ്ച് വർഷത്തിലൊരിക്കൽ നികുതി പരിഷ്കരിക്കുക എന്ന ആശയം നടപ്പാകാതിരുന്നത് തദ്ദേശ

സ്വയംഭരണസ്ഥാപനങ്ങളുടെ ധനസ്ഥിതിയെ സാരമായി ബാധിച്ചിരുന്നു. എന്നിട്ടും വളരെ വൈകി നടപ്പാക്കിയ നികുതി പരിഷ്കരണത്തിൽ അടിസ്ഥാന നിരക്കിന്റെ മിനിമത്തിൽ തന്നെ നിരക്ക് നിശ്ചയിച്ചതിനാൽ കറുകുറ്റി ഗ്രാമപഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ ഗണ്യമായ വരുമാനനഷ്ടം സംഭവിക്കുന്നുണ്ട്. സേവന ഉപനികുതിയും പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്ക് പരിപാലനം, പൊതുടാപ്പുകളിലൂടെയുള്ള കുടിവെള്ള വിതരണം തുടങ്ങിയ സേവനങ്ങൾക്കായി പ്രതിവർഷം വൻതുക പഞ്ചായത്തിന് ചെലവിടേണ്ടിവരുന്നുണ്ട്. ഇത്തരത്തിലുള്ള ആവർത്തന ചെലവ് പഞ്ചായത്ത് വഹിക്കേണ്ടിവരുമ്പോൾ കുറഞ്ഞ തോതിലെങ്കിലും സേവന ഉപനികുതി ഏർപ്പെടുത്തേണ്ടതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് |

വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

4. 2018-2019 ഓഡിറ്റ് റിപ്പോർട്ടിലെ ഖ. 3-2 ൽ മരാമത്ത് പ്രവൃത്തികളിൽ ബിറ്റുമെന്റെ വില ബില്ലിൽ നിന്ന് കുറവ് ചെയ്യാത്തതിനാൽ നഷ്ടം ചുമത്തിയിരുന്ന തുകയിൽ 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത കരാറുകാർ ചെയ്ത പ്രവൃത്തികളിൽ നിന്ന് തുക ഈടാക്കിയിരുന്നു. ടി തുക 3,51,542/- രൂപ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിരുന്നു. എന്നാൽ 2020-2021 വാർഷികധനകാര്യപ്പത്രികയിൽ ഓഡിറ്റ് റിക്കവറി എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഈ തുക ഉൾപ്പെട്ടിട്ടില്ല.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്റ്റിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| | | 500000 | പാവച്ചുരുളിച്ചിറ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 500000 | 0 |
| | | 83598 | ക്രിമിറ്റോറിയം | | 83598 |
| ബ്ലോക്ക് പഞ്ചായത്ത് ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ | | | ആകെ | | 83598 |
| | | 48850 | സ്കോളർഷിപ്പ് | 0 | 48850 |
| | | 68736 | പാവക്കാട്ടുകുന്ന് Sc കോളനി സൈഡ് പ്രോട്ടക്ഷൻ | 0 | 68736 |
| | | 37464 | ശ്രീകൃഷ്ണപുരം പൈപ്പ് ലൈൻ മെയിന്റനൻസ് | 0 | 37464 |
| | | 208105 | കുടുംബശ്രീ യൂണിറ്റ് | 0 | 208105 |
| | | 11200 | സ്കോളർഷിപ്പ് | 0 | 11200 |
| | | 721370<br>1200000 | ലൈഫ് | 1825000 | 96370 |
| | | 23250 | ബഡ്സ് സ്കൂൾ മെയിന്റനൻസ് | 95816 | (-)72566 (*) |
| | | 500000 | ബഡ്സ് സ്കൂൾ -മെയിന്റനൻസ് | 500000 | 0 |
| | | 440000 | ചാത്തൻകുളം റോഡ് മെയിന്റനൻസ് | 397009 | 42991 |
| ബ്ലോക്ക് പഞ്ചായത്ത് റവന്യൂ എക്സ്പെൻഡിച്ചർ | | | ആകെ | | 441150 |
| ജില്ല പഞ്ചായത്ത് | | 386175 | സ്കോളർഷിപ്പ് | 386175 | 0 |
| | | 90 | നെൽകൃഷി ഇൻസെന്റീവ് | 0 | 90 |
| | | 1968000 | ലൈഫ് | 1040000 | 928000 |
| ജില്ല പഞ്ചായത്ത് റവന്യൂ എക്സ്പെൻഡിച്ചർ | | | ആകെ | | 928090 |

(*)ബഡ്സ് സ്കൂൾ – അധ്യാപകരുടെ വേതനത്തിനും, കുട്ടികളുടെ ഭക്ഷണത്തിനുമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രൊജക്ടുകൾക്കായി ലഭ്യമായ വിഹിതത്തിൽ നിന്ന് 2020-21 സാമ്പത്തികവർഷം 95,816/- രൂപ ചെലവഴിച്ചു. യഥാർത്ഥത്തിൽ ഈയിനത്തിൽ 23250/- രൂപ മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ. എന്നാൽ ഈ വസ്തുത ശ്രദ്ധയിൽപ്പെടാതെ കൂടുതൽതുക ചെലവഴിക്കുകയാണുണ്ടായത്. എന്നാൽ ഇപ്രകാരം ബഡ്സ് സ്കൂളിന് വന്ന തുക മറ്റ് സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി വന്ന തുകയോടൊപ്പം ജോയിന്റ് വെൻചർ ട്രഷറി എസ്.ബി അക്കൗണ്ടിൽ തന്നെ നിക്ഷേപിക്കപ്പെട്ടതിനാൽ ഈയിനത്തിലുള്ള ഫണ്ട് ഷോർട്ടേജ് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടില്ല. അക്കൗണ്ടിൽ തുക ഉള്ളതിനാൽ മൈനസ് ഫണ്ടിൽ നിന്ന് തുക കൊടുത്തു എന്ന് പറയാനാവില്ലെങ്കിലും, ഓരോ ഫണ്ടിനും പ്രത്യേകമായി അപ്രോപ്രിയേഷൻ കൺട്രോൾ പരിപാലിക്കേണ്ട ആവശ്യകതയിലേക്ക് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ജില്ലാ പഞ്ചായത്ത് സംയുക്ത പ്രൊജക്ടുകൾക്കായി ലഭ്യമായ ഫണ്ടിൽ ജോയിന്റ് വെൻചർ ട്രഷറി എസ്.ബി അക്കൗണ്ടിൽ 31.03.2020-ലും, 31.03.2021ലും 928090/- രൂപ നീക്കിയിരുപ്പുണ്ട്. ലൈഫ് ഭവനപദ്ധതിക്കുവേണ്ടി ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച ഈ തുക ചെലവഴിക്കാനുള്ള നടപടി സ്വീകരിക്കുകയോ, അല്ലാത്തപക്ഷം ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് തുക തിരികെ നല്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവർത്തികൾ

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ | ചെലവ് | ബിൽ/വൌച്ചർ നമ്പരും തുകയും | നിർവഹണ ഏജൻസി |
|---|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ - 43/21 | 666204 | 626014 | 28/1.11.20-34810 9/11.4.20-73042 പദ്ധതിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല | വൈദ്യുതി ബോർഡ് |
| 2 | കറുകുറ്റി മൂക്കന്നൂർ കുടിവെള്ള പദ്ധതി -262/21 | 70000 | 70000 | 20/10.11.20 | ജല അതോറിറ്റി |
| 3 | കറുകുറ്റി മൂക്കന്നൂർ കുടിവെള്ള പദ്ധതി -വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ - 45/21 | 1500000 | 767000 | 7/4.5.20 – 400000 52/24.2.21 -367000 | ജല അതോറിറ്റി (എസ്റ്റിമേറ്റ് 767000 രൂപയായിരുന്നു. എന്നാൽ 1500000 രൂപയാണ് അടങ്കലായി വകയിരുത്തിയത്) |
| 4 | കറുകുറ്റി മൂക്കന്നൂർ കുടിവെള്ള പദ്ധതി -12 വാർഡ് - 270/21 | 150000 | 150000 | 8/29.5.20 | ജല അതോറിറ്റി |
| 5 | വാർഡ് 8 സ്ട്രീറ്റ് ലൈൻ വലിക്കൽ-387/21 | 90000 | 89867 | 22000977/ 13.11.20 | വൈദ്യുതി ബോർഡ് |
| 6 | വാർഡ് 15-16 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ -389/21 | 37500 | 37500 | 220001003/ 18.11.20 | പദ്ധതിയുടെ എസ്റ്റിമേറ്റ് 87500 രൂപയായിരുന്നു. എന്നാൽ 37500 രൂപ മാത്രമാണ് ഒടുക്കിയത് |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 57,07,814 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 3,05,612 |
| ആകെ | 60,13,426 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 60,13,426 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് (FD No) |
|---|---|---|---|---|---|
| 1 | Union Bank Of India, Karukutty | 29.11.20 | 1വർഷം | 30,06,713 | 746720 |
| 2 | Union Bank Of India, Karukutty | 29.11.20 | 1 വർഷം | 30,06,713 | 746721 |
| ആകെ | | | | 60,13,426 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയാളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പറും തീയതിയും |
|---|---|---|---|---|
| 2018-19 | 3 -(1) | 10428 | ഡോ.ലക്ഷ്മി കർത്ത വെറ്റിനറി സർജൻ | 12003010056611 /20.12.20 |
| 2018-19 | 2-1 | 627 | ഏലിയാസ് അമ്മിണി | 120030100332/ 18.05.20 |
| | | 11055 | | |

## 4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോ ഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.3 | 2016-17 | 2 | തൊഴിൽ നികുതി | നില നിൽക്കുന്നു |
| 2015-16 | 2.1 | 2016-17 | 2 | " | ' |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 11,26,69,129 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,89,96,205 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,808 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1768534 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ, തസ്തിക |
|---|---|---|
| 1-15 | 3,808 | ശ്രീ. ആന്റു, അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. കറുകുറ്റി ഗ്രാമപഞ്ചായത്ത് |
| | 3,808 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-27 | 3,30,000 | ശ്രീ. യു.കെ. സുരേന്ദ്രൻ, സെക്രട്ടറി |
| 1-28 | 11,68,050 | ശ്രീ. യു.കെ. സുരേന്ദ്രൻ, സെക്രട്ടറി |
| 1-30 | 1,50,000 | ശ്രീ. യു.കെ. സുരേന്ദ്രൻ, സെക്രട്ടറി |
| 1-31 | 58550 | ശ്രീ. യു.കെ. സുരേന്ദ്രൻ, സെക്രട്ടറി |
| 1-38 | 61934 | ഡോ. സിനി ഇഗ്നേഷ്യസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| | 1768534 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | നികുതിയിനം |
|---|---|---|
| 1-15 | 686 | GST |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം വിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. യു.കെ. സുരേന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി കറുകുറ്റി ഗ്രാമപഞ്ചായത്ത് | ഉപ്പൂട്ടിൽപറമ്പിൽ, കുളയാട്ടുകര. പി.ഒ, എറണാകുളം. |
| ഡോ. സിനി ഇഗ്നേഷ്യസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) കറുകുറ്റി ഗ്രാമപഞ്ചായത്ത് | ചെറുകുന്നത്ത് No:27 ഗ്രീൻഗാർഡൻ TB ജംഗ്ഷൻ, അങ്കമാലി |
| ശ്രീ. ആന്റു അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കറുകുറ്റി ഗ്രാമപഞ്ചായത്ത് | എരുമാത്തൻ ഹൗസ്, ജോസ് പുരം, വാപ്പാലശ്ശേരി പി.ഒ, അങ്കമാലി. 683572 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.ഇ.പി-4- 310/99/05.12.00 | 1 | 3-23 |
| 1998-99 | എൽ.എഫ്.ഇ.പി-4-287/99/05.12.00 | 17 | |
| 1999-00 | എൽ.എഫ്.ഇ-പി-4-36/05/29.08.05 | 27 | |
| 2000-01 | എൽ.എഫ്.ഇ-പി-4-893/09/12.03.10 | 3 | |
| 2001-02 | എൽ.എഫ്.ഇ-പി-4-894/09/12.03.10 | 11 | |
| 2002-03 | എൽ.എഫ്.ഇ-പി-4-895/09/12.03.10 | 3 | |
| 2003-04 | എൽ.എഫ്.ഇ-പി-4-896/09/12.03.10 | 7 | |
| 2004-05 | എൽ.എഫ്.ഇ-പി-4-897/09/12.03.10 | 6 | |
| 2005-06 | എൽ.എഫ്.ഇ-പി-4-898/09/12.03.10 | 20 | |
| 2006-07 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 | 1 | 3-4 |
| 2007-08 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 | 1 | 3-7 |
| 2008-09 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 | 1 | 3-2 |
| 2009-10 | എൽ.എഫ്.ഇ-പി-4-1523/12/09.07.12 | 7 | |
| 2010-11 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 | 9 | |
| 2011-12 | എൽ.എഫ്.ഇ-പി-4- 19/2014/21.01.14 | 2 | 3-1<br>3-3 |
| 2012-13 & 2013-14 | എൽ.എഫ്.ഇ-പി-4- 350/15, 21.2.15 | 8 | |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി.4)1174/2016 തീയതി 16/7/2016 | 13 | |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി.13)1986/2016 തീയതി 15/12/2016 | 5 | |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി13)1521/2017, തീയതി.18.9.17 | 10 | |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി13)144/2019, തീയതി.08.03.19 | 25 | |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി13)131/20, തിയതി 3.3.20 | 13 | |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി13)/1280/21, തിയതി 15.11.21 | 44 | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്